# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## തുറവൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2024-2025**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ആലപ്പുഴ-688001**

**ഇ-മെയിൽ: ddhglfalpy@gmail.com**
**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി2/1278/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 15/12/2025
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുറവൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച് ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/എ.എൽ.പി /പി2/1278/2025 തീയ്യതി: 15/12/2025

## ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സജിതാദാസ് | ഡെപ്യൂട്ടി ഡയറക്ടർ | 08-10-2025 | 17-10-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-10-2025 | 17-10-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി ആശ എം.വി., ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീമതി ജാക്വലിൻ പി.ഡബ്ല്യൂ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ശ്രീദേവി ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.കെ.ബി.സുനിൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മോളി രാജേന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| സുജാത | സെക്രട്ടറി | 01-04-2024 | 01-09-2024 |
| സുനിൽ ആർ | സെക്രട്ടറി | 02-09-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനീത് സി പണിക്കർ | വെറ്ററിനറി സർജ്ജൻ | 01-04-2024 | 31-03-2025 |
| സാലിമോൾ എം | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2024 | 31-03-2025 |
| ജാസ്മി എം മുഹമ്മദ് | മെഡിക്കൽഓഫീസർ ആയുർവ്വേദം | 01-04-2024 | 31-03-2025 |
| പാർവ്വതി എസ് കുമാർ | അസി. എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| റെയ്ന മേരിഡിസ്വല | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| നസീമ എ | ഹെഡ്മിസ്ട്രസ്സ് | 01-04-2024 | 13-01-2025 |
| ശ്രീജ എസ് | ഹെഡ്മിസ്ട്രസ്സ് | 14-01-2025 | 31-03-2025 |
| വിൻസെന്റ് ഡിസൂസ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 04-10-2024 |
| രമ്യ രഞ്ജിത്ത് | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ്) | 05-10-2024 | 23-10-2024 |
| സുജയ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 24-10-2024 | 31-03-2025 |
| ഗായത്രി കെ എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 11-08-2024 |
| വേക്കന്റ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-08-2024 | 18-08-2024 |
| വിനീത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 19-08-2024 | 31-03-2025 |

| | | | |
|---|---|---|---|
| പ്രമീള പി | വി.ഇ.ഒ(മനക്കോടം സർക്കിൾ) | 01-04-2024 | 31-03-2025 |
| നിഷ ജോൺ എൻ | വി ഇ ഒ(തുറവൂർ സർക്കിൾ) | 01-04-2024 | 03-10-2024 |
| വേക്കന്റ് | വി ഇ ഒ(തുറവൂർ സർക്കിൾ) | 04-10-2024 | 06-10-2024 |
| മേരി ബനീജ | വി ഇ ഒ(തുറവൂർ സർക്കിൾ) | 07-10-2024 | 31-03-2025 |
| ഡോ. രഞ്ജിത്ത് മോനായി സി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2024 | 05-08-2024 |
| ഡോ.അനുപമ അനിശേരി | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 06-08-2024 | 31-03-2025 |
| നീതു രാജശേഖരൻ | കൃഷി ഓഫീസർ | 01-04-2024 | 02-05-2024 |
| അശ്വത് ആർ | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 03-05-2024 | 03-06-2024 |
| അഖിൽ രാജ് | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 04-06-2024 | 20-07-2024 |
| സിജി എൻ നാഥ് | കൃഷി ഓഫീസർ(ഇൻ ചാർജ്ജ്) | 21-07-2024 | 14-10-2024 |
| റാഹില ബീവി എം എച്ച് | കൃഷി ഓഫീസർ | 15-10-2024 | 16-12-2024 |
| ഹുബൈബ് ഹസ്സൻ സി എ | കൃഷി ഓഫീസർ | 17-12-2024 | 31-03-2025 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | വസ്തു നികുതി ഡിസിബി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി),മെയിന്റനൻസ് ഗ്രാന്റ് (റോഡ്)എന്നിവ പ്രകാരമുള്ള ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ നിക്കിയിരിപ്പു തുകയും വാർഷിക കണക്കിലെ നിക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | പെർമിറ്റ് എടുക്കാതെ, വസ്തു നികുതി അടയ്ക്കാതെ ടർഫ് പ്രവർത്തിക്കുന്നു | 1-10 |
| 17 | പെട്രോൾ പമ്പിന്റെ കനോപ്പി ഏരിയ ഉൾപ്പെടുത്താതെ വസ്തു നികുതി നിർണ്ണയിച്ചു | 1-11 |
| 18 | പഞ്ചായത്ത് ഓഡിറ്റോറിയം -വാടക ഈടാക്കുന്നതിലെ പോരായ്മകൾ | 1-12 |
| 19 | മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല | 1-13 |
| 20 | വെള്ളക്കരം കുടിശ്ശിക വർദ്ധിക്കുന്നു | 1-14 |
| 21 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - അപാകതകൾ | 1-15 |
| 22 | തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് അധികം തുക നൽകി | 1-16 |
| 23 | ദർശിക പദ്ധതി- നടത്തിപ്പിലെ അപാകതകൾ | 1-17 |
| 24 | വായനശാലകൾക്ക് പത്രവരിസംഖ്യ നൽകിയത് ഗ്രേഡ് നിർദ്ദേശങ്ങൾ പാലിക്കാതെ | 1-18 |
| 25 | വാർഡ് 7 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-19 |
| 26 | HDPE ചട്ടി വിതരണം- ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല | 1-20 |
| 27 | വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തിയായില്ല | 1-21 |
| 28 | ടാർ ബാരൽവിലയും ജി.എസ്.ടി യും ബില്ലിൽ നിന്നും കുറവു ചെയ്തില്ല | 1-22 |
| 29 | അങ്കണവാടി പോഷകാഹാര വിതരണം - കടത്തുകൂലി അധികം നൽകി | 1-23 |
| 30 | വയോജനങ്ങൾക്ക് കട്ടിൽ അപേക്ഷകൾ അപൂർണ്ണം | 1-24 |
| 31 | കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാത്ത പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഫൈൻ കുറവു ചെയ്തില്ല | 1-25 |
| 32 | വനിതകൾക്ക് കിഴങ്ങ് വർഗ്ഗ കൃഷി- ഇടവിള കിറ്റിന്റെ വിതരണം പൂർണ്ണമല്ല | 1-26 |
| 33 | ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല | 1-27 |
| 34 | ഭവന പുനരുദ്ധാരണം- ഗുണഭോക്താവിന്റെ അക്കൌണ്ടിൽ തുക ക്രെഡിറ്റായില്ല | 1-28 |
| 35 | അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭ്യമാക്കിയില്ല | 1-29 |
| 36 | സർക്കാർ മാർഗ്ഗ നിർദ്ദശങ്ങൾ പാലിക്കാതെ പണം ചെലവഴിക്കുന്നു | 1-30 |
| 37 | മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം - അർഹതാ രേഖകൾ ഹാജരാക്കിയില്ല | 1-31 |
| 38 | എം.ജി.എൻ.ആർ.ഇ.ജി.എസ് ക്യാറ്റിൽ ഷെഡ്ഡ് നിർമ്മാണം - ചെലവായതിലും കൂടുതൽ തുക അനുവദിച്ചു | 1-32 |
| 39 | ടാർ ബാരൽ വിലയും ജി.എസ്.ടി യും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-33 |
| 40 | ജലജീവൻ മിഷൻ | 1-34 |
| 41 | ഹെൽത്ത് ഗ്രാന്റ് - അവലോകനം | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചു | 3-1 |
| 2 | തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് അധികം തുക നൽകി | 3-2 |
| 3 | ടാർ ബാരൽവിലയും ജി.എസ്.ടി യും ബില്ലിൽ നിന്നും കുറവു ചെയ്തില്ല | 3-3 |
| 4 | വായനശാലകൾക്ക് പത്രവരിസംഖ്യ നൽകിയത് ഗ്രേഡ് നിർദ്ദേശങ്ങൾ പാലിക്കാതെ | 3-4 |
| 5 | അങ്കണവാടി പോഷകാഹാര വിതരണം - കടത്തുകൂലി അധികം നൽകി | 3-5 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | മെഡിസെപ് - വിവരശേഖരണം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.06.2025 ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2025 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ തുടങ്ങി അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 വസ്തു നികുതി ഡിസിബി സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങി അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല.

### 1-1-4 ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി),മെയിന്റനൻസ് ഗ്രാന്റ് (റോഡ്)എന്നിവ പ്രകാരമുള്ള ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ഡവലപ്പ്മെന്റ് ഫണ്ട് (എസ്.സി.പി),മെയിന്റനൻസ് ഗ്രാന്റ് (റോഡ്)എന്നിവ പ്രകാരമുള്ള ആകെ ചെലവു തുക സുലേഖ ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സുലേഖ-ചെലവു പത്രിക/ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | വാർഷിക കണക്ക് പ്രകാരമുള്ള | വ്യത്യാസം |
|---|---|---|---|

| | പ്രകാരമുള്ള ആകെ ചെലവ് | ആകെ ചെലവ് | |
|---|---|---|---|
| വികസന ഫണ്ട് - എസ് സി പി | 83,98,093 | 88,47,593 | 4,49,500 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 84,48,600 | 90,17,600 | 5,69,000 |

**1-1-5 വാട്ടർ ചാർജിനത്തിലുള്ള ബാധ്യത ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല**

പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കുവാനുള്ള വർഷാവസാന ബാധ്യതാ തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്ററിലെ നിക്കിയിരിപ്പു തുകയും വാർഷിക കണക്കിലെ നിക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല**

ഡെപ്പോസിറ്റ് രജിസ്റ്ററിലെ നിക്കിയിരിപ്പു തുകയും വാർഷിക കണക്കിലെ നിക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വാർഷിക കണക്കു പ്രകാരം- നീക്കിയിരിപ്പ് | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം- നീക്കിയിരിപ്പ് |
|---|---|---|
| ബിഡ്ഡേഴ്സ് ഇ.എം.ഡി. | 31,730 | 32,730 |
| കോൺട്രാക്ടേഴ്സ് റീടെൻഷൻ | 1,34,844 | 1,04,694 |

**1-2 ബജറ്റ്**

2024-25 ലെ ബജറ്റ് 8.2.24-ാം തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. 11.2.2025 ലെ2(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റു പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 33,09,19,046 | 32,91,74,250 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 26,82,10,772 | 26,86,19,761 |

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 5,82,33,736 |
| വരവ് | 6,42,30,719 |
| ആകെ | 12,24,64,455 |
| ചെലവ് | 5,43,34,550 |
| നീക്കിയിരിപ്പ് | 6,81,29,905 |

**1-4 ഫണ്ട് വിനിയോഗം**

| | മുന്നിരിപ്പ് | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 41,57,072 | 2,15,55,928 | 2,57,13,000 | 2,57,03,000 | 10,000 (ലാപ്സായി) |
| വികസനഫണ്ട് (എസ്.സി.പി) | 0 | 5,73,320 | 83,24,680 | 88,98,000 | 88,47,593 | 50,407 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 0 | 1,93,41,000 | 1,93,41,000 | 90,17,600 | 1,03,23,400 (ലാപ്സായി) |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 0 | 0 | 59,30,000 | 59,30,000 | 55,19,508 | 4,10,492 (ലാപ്സായി) |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക് | 25,29,418 | 0 | 47,20,211 (387735-പലിശ) | 72,49,629 | 44,98,747 | 27,50,882 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ബേസിക്(ട്രഷറി) | 0 | 0 | 2,46,563 | 2,46,563 | 2,39,136 | 7,427 (ലാപ്സായി) |

| | | | | | | |
|---|---|---|---|---|---|---|
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 37,15,869 | 0 | 98,86,500 | 1,36,02,369 | 40,19,623 | 95,82,746 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് (ട്രഷറി) | 0 | 0 | 1,24,673 | 1,24,673 | 1,05,400 | 19,273 (ലാപ്സായി) |
| ഹെൽത്ത് ഗ്രാന്റ്- സ്കീം-3 | 15,702 | 0 | 4,11,311 | 4,27,013 | 73,094 | 3,53,919 |
| ഹെൽത്ത് ഗ്രാന്റ്-സ്കീം-4 | 5,951 | 0 | 6,45,669 | 6,51,620 | 0 | 6,51,620 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 230 | 16,97,90,809 | 140 | 8,45,67,990 | 6 | 84 | 61 |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 64,619 | 19,96,801 | 20,61,420 | 19,84,542 | 76,878 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10,30,36,458 | 10,30,36,458 | 10,30,36,458 | 0 |
| ആകെ | 64,619 | 10,50,33,259 | 10,50,97,878 | 10,50,21,000 | 76,878 |

**1-7 ക്ഷേമ പദ്ധതികൾ**

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 72,04,400 | 437 |
| വിധവാ പെൻഷൻ | 1,29,35,300 | 845 |
| വാർദ്ധക്യകാല പെൻഷൻ | 3,43,60,500 | 2677 |
| വികലാംഗ പെൻഷൻ | 55,34,100 | 345 |
| അവിവാഹിത പെൻഷൻ | 19,47,400 | 119 |

**1-8 ക്യാഷ് പരിശോധന**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.10.2025-ൽ 3.10 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 63/- രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3)തൻവർഷ ആസ്തി വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 പെർമിറ്റ് എടുക്കാതെ, വസ്തു നികുതി അടയ്ക്കാതെ ടർഫ് പ്രവർത്തിക്കുന്നു**

തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ, പഞ്ചായത്തിൽ 5-ാം വാർഡിൽ പ്രവർത്തനം നടത്തിവരുന്ന 'ചാമ്പ്യൻസ് അരീന' ടർഫിനെ സംബന്ധിച്ച് യാതൊരു വിവരങ്ങളും ലഭ്യമായിരുന്നില്ല. ടി ടർഫിനെ സംബന്ധിച്ച് ഈ സ്ഥാപനത്തിന്റെ നിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുമതി തേടിയതു സംബന്ധിച്ച ഫയലുകൾ (പെർമിറ്റ് ഫയലുകൾ) ഓഡിറ്റിൽ ഹാജരാക്കുവാനും, പെർമിറ്റ് ഇല്ലാതെയാണ് ടർഫിന്റെ നിർമ്മാണം

നടത്തിയതെങ്കിൽ ടി സ്ഥാപനത്തിൽ സ്ഥല പരിശോധന നടത്തി ടി ടർഫിന്റെ തറ വിസ്തീർണ്ണം, കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, റോഡിന്റെ തരം ഇവയെ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 03/13.10.2025) മറുപടി ലഭ്യമാക്കിയില്ല. എന്നാൽ സെക്രട്ടറിയോട് നേരിട്ട് ആവശ്യപ്പെട്ടതനുസരിച്ച് പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗം ടി ടർഫ് അളന്ന് അതിന്റെ അളവ് രേഖപ്പെടുത്തി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെ 5-ാം വാർഡിൽ പ്രഥമ മേഖലയിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള തുറവൂർ-തൈക്കാട്ടുശ്ശേരി റോഡിന്റെ വശത്ത് നിർമ്മാണം നടത്തി പ്രവർത്തനം നടത്തുന്ന ചാമ്പ്യൻസ് അരീന ടർഫ് എന്ന സ്ഥാപനം പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നടത്തിയ അനധികൃത നിർമ്മാണം ആണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ടി ടർഫിന് 486.001 ച:മീറ്റർ തറ വിസ്തീർണ്ണം ഉണ്ടെന്ന് പഞ്ചായത്തിലെ എഞ്ചിനിയറിംഗ് വിഭാഗം സ്ഥല പരിശോധന നടത്തി 15.10.2025 തീയതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെ അറിവോടുകൂടിയല്ലാത്ത കെട്ടിടങ്ങളുടെ നിർമ്മാണം യഥാസമയം കണ്ടെത്തി നടപടിയെടുക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്. സെക്രട്ടറിയുടെ അംഗീകാരം ഇല്ലാതെയോ അംഗീകാരമുള്ള പ്ലാനിൽ നിന്നും വ്യതിചലിച്ചോ കെട്ടിടം നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ മാറ്റം വരുത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള നിർമ്മാണമോ പുനർ നിർമ്മാണമോ കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മിതികളെ ക്രമവൽക്കരിക്കാവുന്നതാണ്. 2019 ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ സംശയ നിവാരണത്തിനായി നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുറത്തിറക്കിയ കൈപുസ്തകത്തിലെ ഖണ്ഡിക 1.37 ൽ ടർഫുകളുടെ നിർമ്മാണത്തിനും പഞ്ചായത്തിന്റെ നിർമ്മാണാനുമതി/പെർമിറ്റ് ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തനുമതിയില്ലാതെ അനധികൃതമായി നിർമ്മിച്ചു പ്രവർത്തനം നടത്തുന്ന പ്രസ്തുത ടർഫ് ക്രമവൽക്കരിക്കുന്നതിന്, ഉടമസ്ഥന് പഞ്ചായത്ത് നോട്ടീസ് നൽകുകയോ, കെട്ടിടം ക്രമവൽക്കരിച്ച് നൽകുന്നതിനായി ഉടമസ്ഥൻ പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയോ, ചെയ്തിട്ടില്ല. അനധികൃത നിർമ്മാണത്തിന് ആ നിലയിൽ യു.എ നമ്പർ നൽകി നികുതി ഈടാക്കാൻ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

2011 ലെ കേരളാ പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(2) പ്രകാരം യു.എ നമ്പർ നൽകാതെയും, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 235എ.എ പ്രകാരം, വസ്തു നികുതിയായി കണക്കാക്കി ഈടാക്കാത്തതിനാൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം വർദ്ധനവ്/ഇളവുകൾ കൂടാതെ അടിസ്ഥാന വസ്തു നികുതി ഇനത്തിൽ മാത്രം, പഞ്ചായത്തിന് 17,010/-രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

<u>നിയമാനുസൃത നിർമ്മിതിയ്ക്കു് ബാധകമായ വസ്തുനികുതിയുടെ വിവരം</u>

അനധികൃതമായി നിർമ്മിച്ച ടർഫിന്റെ വിസ്തീർണ്ണം - 486.001 ച.മീ

പഞ്ചായത്ത് ഭരണ സമിതിയുടെ 08.08.2023 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം ടർഫുകളുടെ വസ്തുനികുതി നിരക്ക് - 35 രൂപ / ച.മി.

| | നിർണയിക്കേണ്ട അടിസ്ഥാന നികുതി |
|---|---|
| അടിസ്ഥാന വസ്തുനികുതി | 486.001$^{m2}$ @35 = 17,010/- |

അനധികൃത നിർമ്മാണത്തിന് ബാധകമായ, നിശ്ചയിച്ച വസ്തു നികുതിയുടെ മൂന്നിരട്ടി ഈടാക്കാവുന്നതാണ്.

വസ്തുനികുതി അസസ്സ് ചെയ്ത് ഈടാക്കുന്നതിൽ പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് സംഭവിച്ച ഗുരുതര വീഴ്ച മൂലം വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് ഭീമമായ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. 22.03.23 ലെ സ.ഉ(കൈ) നം: 7/2023 /തസ്വഭവ ഉത്തരവ് പ്രകാരം തുടർന്നുള്ള ഓരോ വർഷങ്ങളിലും വസ്തുനികുതി നിരക്കിൽ 5% വർദ്ധനവ് എന്ന സർക്കാർ നിർദ്ദേശം ഉള്ളതിനാൽ തുടർന്നുള്ള ഓരോ വർഷങ്ങളിലും അധിക നഷ്ടം സംഭവിക്കുന്നുണ്ട്. 2024-25 ലെ കുടിശ്ശിക സഹിതം ഉടമസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ടർഫിന്റെ നിർമ്മിതി കേരള പഞ്ചായത്ത് രാജ് നിയമത്തിനോ നിയമത്തിന് കീഴിലുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ, നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയ ടി ടർഫിന്റെ ഉടമസ്ഥന് നോട്ടീസ് നൽകി 30.07.2024-ലെ സ.ഉ(കൈ) നം.97/2024/ത.സ്വ.ഭ.വ ഉത്തരവിലെ നിരക്കിന് അനുസൃതമായി 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 94 പ്രകാരം അപേക്ഷാ ഫീസും, ചട്ടം 95(4) പ്രകാരം, പെർമിറ്റ് ഫീസിന് ഇരട്ടിയുള്ള തുക രാജിയാക്കൽ ഫീസായും ഈടാക്കി കെട്ടിടം ക്രമവൽക്കരിക്കാവുന്നതാണ്. ഇങ്ങനെ ക്രമവൽകരണത്തിന് നോട്ടീസ് നൽകി നിയമാനുസൃതമായ അപേക്ഷാ ഫീസും രാജിയാക്കൽ ഫീസും ഈടാക്കുന്നതിന് പഞ്ചായത്തിന് അധികാരം ഉണ്ടെന്നിരിക്കെ അതിലേക്കാവശ്യമായ തുടർ നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ പഞ്ചായത്തിന് താഴെ സൂചിപ്പിക്കുന്ന പ്രകാരം വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്.

ക്രമവൽക്കരിക്കുന്നതിന് ഇടാക്കേണ്ട അപേക്ഷ ഫീസും, രാജിയാക്കൽ ഫീസും

| | |
|---|---|
| ടർഫിന്റെ തറ വിസ്തീർണ്ണം | 486.001$^{m2}$ |
| അപേക്ഷാ ഫീസ് | 2,000 |
| പെർമിറ്റ് ഫീസ് | 486.001$^{m2}$X 90 = 43740 |
| രാജിയാക്കൽ ഫീസ് | പെർമിറ്റ് ഫീസ് X 2 = 43740x2= 87,480 |
| ആകെ ഈടാക്കേണ്ട പെർമിറ്റ് ഫീസ് | 87480 +2,000 = 89480 |

പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ നിർമ്മിച്ച ടർഫിന്റെ ഉടമസ്ഥന് ക്രമവൽക്കരണത്തിന് നോട്ടീസ് നൽകി നിയമാനുസൃതമായി ഈടാക്കേണ്ട അപേക്ഷ ഫീസും രാജിയാക്കൽ ഫീസും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-11 പെട്രോൾ പമ്പിന്റെ കനോപ്പി എരിയ ഉൾപ്പെടുത്താതെ വസ്തു നികുതി നിർണ്ണയിച്ചു**

ഗ്രാമപഞ്ചായത്തിലെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ, മിൽമ ഫാക്റ്ററിയ്ക്ക് സമീപം (വാർഡ് 13) നാഷണൽ ഹൈവേയ്ക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന തോംസൺ ഫ്യൂവൽസ് എന്ന ഫ്യൂവൽ സ്റ്റേഷന്റെ വസ്തുനികുതി ചുമത്തിയത് ക്രമപ്രകാരമല്ല. സെയിൽ റൂമിന് മാത്രം വസ്തുനികുതി ചുമത്തുകയും യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയെയും വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി നൽകിയതും ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി ഡിമാൻഡിൽ വലിയ കുറവുണ്ടാക്കി.

പെട്രോൾ പമ്പുകളുടെ കനോപ്പി ഏരിയ വസ്തു നികുതി കണക്കാക്കുന്നതിന് കണക്കിലെടുക്കേണ്ടതാണെന്ന് കേരള ഫെഡറേഷൻ ഓഫ് പെട്രോളിയം ട്രേഡേഴ്സ് നല്കിയ WP(C) No.24944/2003 കേസിന്മേൽ ബഹു.കേരള ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. SRO-നമ്പർ-479/2023 സർക്കാർ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ ഫ്യൂവൽ സ്റ്റേഷനുകളെ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 500 ച:മീറ്ററിന് മുകളിൽ വരുന്ന കെട്ടിടങ്ങൾക്ക് 95 രൂപ നിരക്കിൽ വസ്തുനികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. സഞ്ചയ ഡാറ്റാബേസ് പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ 13-ാം വാർഡിൽ ശ്രീ. ടോമി തോമസ്സ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ പ്രവർത്തിച്ചു വരുന്ന തോംസൺ ഫ്യുവൽസ് (കെട്ടിട നം: 13/54) എന്ന ഫ്യുവൽ സ്റ്റേഷന്റെ യഥാർത്ഥ ബിസിനസ് നടക്കുന്ന ഭാഗമായ ബങ്കുകളെയും കാനോപ്പിയേയും വസ്തുനികുതി അസസ്സ് ചെയ്യുന്നതിൽ നിന്നും ഒഴിവാക്കി നികുതി ചുമത്തുന്നില്ലായെന്ന് വ്യക്തമായതിന്റെ അടിസ്ഥാനത്തിൽ കുറവ് വസ്തുനികുതി ചുമത്തപ്പെട്ട കാനോപ്പി ഏരിയ ഉൾപ്പെടുന്ന ഭാഗത്തിന്റെ വിസ്തൃതി അളന്ന് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് എൻക്വയറി (നം.05/13-10-2025) നൽകിയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത് മരാമത്ത് വിഭാഗം (LID &EW SECTION) സ്ഥല പരിശോധന നടത്തി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി 522.350 ച:മീറ്ററാണെന്ന് രേഖാമൂലം റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി വാണിജ്യാവശത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി 500 ച:മീറ്റിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് ഈടാക്കേണ്ട 95 രൂപ നിരക്കിൽ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ഭീമമായ നഷ്ടം ഉണ്ടായിട്ടുണ്ട്. നിലവിൽ 56 ച.മീറ്ററിന് മാത്രമാണ് വസ്തു നികുതി ഈടാക്കുന്നത്. ഫ്യൂവൽ സ്റ്റേഷന് മുൻവശമുള്ള നാഷണൽ ഹൈവേയ്ക്ക് 1.5 മീറ്റർ വീതി മാത്രമാണ് പഞ്ചായത്ത് നിശ്ചയിച്ചു നൽകിയിട്ടുള്ളത്. ആകെ വസ്തു നികുതി ചുമത്തിയിട്ടുള്ളത് 251/- രൂപ മാത്രം. പുതുക്കിയ അളവ് പ്രകാരം അടിസ്ഥാന വസ്തു നികുതി മാത്രം 522.350 $M^2$ @95= 49623.25 രൂപയായി ഉയരും.

2023-24 ൽ ഫ്യുവൽ സ്റ്റേഷന്റെ ഓഫീസ് കെട്ടിടത്തിന്റെ മാത്രം വസ്തുനികുതിയാണ് അസസ്സ് ചെയ്ത് നികുതി ഈടാക്കിയത്. 2013 ൽ നികുതി അസസ്സ് ചെയ്ത ടി ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വിസ്തൃതി കണക്കാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് വലിയ വരുമാന നഷ്ടം ഉണ്ടായി. തൽസ്ഥിതി തുടർന്നാൽ 2024-25 സാമ്പത്തിക വർഷത്തെ ഡിമാന്റിൽ 2023-24 വർഷത്തെ വസ്തുനികുതിയുടെ 5% മാത്രമാണ് സഞ്ചയയിൽ വർദ്ധനവ് ഉണ്ടാകുകയുള്ളൂ. അസസ്മെന്റ് കൃത്യമാക്കാതെ മുന്നോട്ട് പോയാൽ മുൻ സാമ്പത്തിക വർഷം ഈടാക്കിയ തുകയുടെ 5% വർദ്ധനവ് മാത്രമേ പഞ്ചായത്തിനു സഞ്ചയയിൽ ഡിമാന്റാവുകയുള്ളു. ഫ്യുവൽ സ്റ്റേഷന്റെ കനോപ്പി ഏരിയയുടെ വസ്തുനികുതി അസസ്സ് ചെയ്ത് 2023-24 വർഷം കുറവ് വന്ന തുക ഉടമസ്ഥനിൽ നിന്നും ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. നികുതി പുനർനിർണ്ണയിച്ച് ഫോം 6 ൽ രേഖപ്പെടുത്തി അധികമായി ഈടാക്കേണ്ട തുക ഡിമാന്റ് ചെയ്തീടാക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-12 പഞ്ചായത്ത് ഓഡിറ്റോറിയം -വാടക ഈടാക്കുന്നതിലെ പോരായ്മകൾ**

പഞ്ചായത്തിന്റെ അധീനതയിൽ ഒരു ഓഡിറ്റോറിയം പ്രവർത്തിച്ചു വരുന്നുണ്ട്. രജിസ്റ്റർ പരിശോധിച്ചതിൽ 2024-25 വർഷം ആകെ 10 ദിവസമാണ് ഓഡിറ്റോറിയം വാടകയ്ക്ക് നൽകിയിട്ടുള്ളത്. എത്ര രൂപയാണ് ഇതിന് വാടകയായി നിശ്ചയിച്ചിരിക്കുന്നതെന്നോ, ആര്, എന്താവശ്യത്തിന് വാടകയ്ക്ക് എടുത്തു, വാടകയിനത്തിൽ എത്ര രൂപ ലഭിച്ചു തുടങ്ങിയ വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റോറിയത്തിന് വാടക നിശ്ചയിച്ചു കൊണ്ടുള്ള പഞ്ചായത്ത് തീരുമാനവും ലഭ്യമാക്കിയില്ല. 2024-25 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റോറിയത്തിൽ നിന്നുള്ള വരവ് 31,000 രൂപ മാത്രമാണ്. എന്നാൽ ഓഡിറ്റോറിയം ജനറൽ വിഭാഗത്തിന് ഒരു ദിവസത്തേയ്ക്ക് 5,000 രൂപയ്ക്കും, മറ്റു വിഭാഗങ്ങൾക്ക് 2,000 രൂപയ്ക്കുമാണ് വാടകയായി നിശ്ചയിച്ചിട്ടുള്ളതെന്ന് നേരിട്ട് സെക്ഷനിൽ അന്വേഷിച്ചതിൽ അറിയാൻ കഴിഞ്ഞു. അങ്ങിനെയെങ്കിൽ 2024-25 വർഷം 47,000/- രൂപ ലഭ്യമാകേണ്ടതുണ്ട്. (5000x9=45000, 2000x1=2000) എന്നാൽ 31,000 രൂപ മാത്രമാണ് വരവായി കാണിച്ചിട്ടുള്ളത്. ഓഡിറ്റോറിയത്തിന്റെ നടത്തിപ്പിനായി ഒരു ബൈലോ രൂപീകരിച്ചിട്ടില്ല. ബൈലോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 15/15.10.2025) മറുപടി ലഭ്യമാക്കിയില്ല. വാടക നിരക്ക് കൃത്യമായി നിശ്ചയിച്ച് ഓഡിറ്റോറിയത്തിന്റെ വാടക ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-13 മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയില്ല**

2024-25 വർഷത്തെ പഞ്ചായത്ത് ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പേര് ചേർത്തിരിക്കുന്നവരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കിയിട്ടില്ല. മോട്ടോർ ഉപയോഗിക്കുന്നതിന്റെ കുതിരശക്തിയും രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര് | സ്ഥാപനം |
|---|---|---|
| 1. | സെക്രട്ടറി പട്ടികജാതി സഹകരണ സംഘം | പീലിംഗ് ഷെഡ് |
| 2. | ലീല ബാബു | സിംഫണി ഫുഡ് സർവ്വീസ് യൂണിറ്റ് |
| 3. | കെ. എ. എബ്രഹാം, കക്കാരവെളി | പീലിംഗ് ഷെഡ് |

| | | |
|---|---|---|
| 4. | സുദീപ് സി. | ശ്രീ നികേതം അലൂമിനിയം ഫാബ്രിക്കേഷൻ |
| 5. | പി.സി.ബിനു | കയർപിരി യൂണിറ്റ് |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം. 32/17.10.2025) മറുപടി ലഭ്യമാക്കിയില്ല. മുകളിലെ പട്ടികയിൽ പേര് ചേർത്തിരിക്കുന്നവരിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീ ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-14 വെള്ളക്കരം കുടിശ്ശിക വർദ്ധിക്കുന്നു**

തുറവൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 ഏപ്രിൽ മാസത്തെ വെള്ളക്കരം കുടിശ്ശിക 35,52,461/- രൂപയായിരുന്നു(ബിൽ നം.83719 തീയതി 05.04.2024). 2025 മാർച്ച് മാസത്തെ ബിൽ പ്രകാരം (ബിൽ നം.93777 തീയതി 06.03.2025) കുടിശിക 44,42,972/-രൂപയായി വർദ്ധിച്ചിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം പ്രതിമാസ ഡിമാന്റ് 3 ടാപ്പുകൾക്ക് 3,640/- രൂപയായിരിക്കെ ഇത്രയും അധികം തുക കുടിശ്ശിക വരാനുണ്ടായ കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/16.10.25) സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി ഉപയോഗ ശൂന്യമായവ ഒഴിവാക്കിയിട്ടുണ്ടെങ്കിലും 3.2023 മുതലുള്ള മുഴുവൻ ടാപ്പുകളുടെയും ഡിമാന്റ് തുകയും പിഴയും കോംപൌണ്ട് ചെയ്താണ് വാട്ടർ അതോറിറ്റിയിൽ നിന്ന് നോട്ടീസ് ലഭിക്കുന്നത് എന്ന് അറിയിച്ചു. 30.08.2025 ലെ GO(Rt) No.7034/2025/Fin നം. സർക്കാർ ഉത്തരവ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുക ഉപയോഗിച്ച് ഗ്രാമപഞ്ചായത്തുകളുടെ വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിനും ജൽജീവൻ മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഉപയോഗ ശൂന്യമാകുന്ന പൊതു ടാപ്പുകൾ വിച്ഛേദിച്ച് വാട്ടർ ചാർജ്ജ് ഡിമാന്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

**1-15 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം - അപാകതകൾ**

പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | S0111 /25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
|---|---|
| അടങ്കൽ | 11,20,000 (വികസനഫണ്ട് എസ് സി പി)<br>10,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>10,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 9,90,000 /- |
| ചെലവ് വിവരം | 90,000 /- (BRN No, 24060652013701256529 /31.01.25)<br>30,000 /- (BRN No, 24060652013701261344 /01.02.25)<br>90,000 /- (BRN No, 24060652013701282514 /05.02.25)<br>90,000 /- (BRN No, 24060652013701466371 /07.03.25)<br>1,20,000 /- (BRN No, 24060652013701454283 /07.03.25)<br>30,000 /- (BRN No, 24060652013701468162 /08.03.25)<br>3,40,000 /- (BRN No, 24060652013701575151 /18.03.25)<br>2,00,000 /- (BRN No, 24060652013701668593 /24.03.25) |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

**(എ) അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചു**

മേൽ പദ്ധതി പ്രകാരം ശിവദാസൻ, ഇടത്തേടത്ത് വളമംഗലം എന്ന വ്യക്തിയുടെ മകനായ അർജ്ജുൻ ഇ.എസിന് 90,000 രൂപ പഠനമുറി നിർമ്മാണത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ(സാധാ)നം.738/2023 എൽ.എസ്ജി.ഡി/28.03.23 പ്രകാരം സർക്കാർ/എയ്ഡഡ്/സ്പെഷ്യൽ/ ടെക്നിക്കൽ സ്ക്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. ശ്രീനാരായണ കോളേജ് പ്രിൻസിപ്പലിന്റെ GS/2347/ 4.01.25 ലെ സാക്ഷ്യപത്രം പ്രകാരം ടി വിദ്യാർത്ഥി മൂന്നാം വർഷ ഡിഗ്രി കോഴ്സിനാണ് 24-25 വർഷം പഠിക്കുന്നത്. മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/9.10.25) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രതിപാദിച്ച സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചത്. അനർഹമായി നൽകിയ 90,000/- രൂപ തിരികെ ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**(ബി) പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല**

മേൽ പ്രോജക്ടിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് മൂല്യനിർണ്ണയസാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|
| സന്ധ്യാമോൾ, വട്ടത്തറ കോളനി | 1,40,000 |
| ശ്രീകാന്ത് എസ്., അഞ്ചുതൈയ്യിൽ വീട് | 1,10,000 |
| അപർണ്ണ ശശിധരൻ | 90,000 |
| ശോഭന പൊൻവേലി കോളനി | 1,70,000 |
| സുജീന്ദ്രബാബു, വളമംഗലം വടക്ക് | 90,000 |
| അമ്പിളി മേനോംപറമ്പിൽ | 90,000 |
| ജയശ്രീ പി.കെ. അഞ്ചുതൈയ്യിൽ | 90,000 |
| രശ്മി മനോജ്, മാന്തുവള്ളിവീട് | 30,000 |
| അപർണ്ണ സദാനന്ദൻ | 90,000 |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/9.10.25)മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ 9,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് അധികം തുക നൽകി

| പ്രോജക്ട് നം./പേര് | S0024/25, തെരുവ് വിളക്ക് പരിപാലനം |
|---|---|
| അടങ്കൽ | 2,50,000-(തനത് ഫണ്ട് ) |
| ആകെ ചെലവ് | 2,33,600 /- |
| ചെലവ് വിവരം | 1,83,000 /- (ചെക്ക് നം.6478675 /10.02.25)<br>50,600 /- (ചെക്ക് നം.363747 /29.03.25) |
| നിർവ്വഹണം | സെക്രട്ടറി |

ഗ്രാമപഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലെ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് പോസ്റ്റ് ഒന്നിന് 200 രൂപ നിരക്കിൽ കരാറുകാരനായ ശ്രീ.അഖിൽ വിഷ്ണു പി.എസ്.ന്റെ കരാർ പഞ്ചായത്തിൽ നിന്നും അംഗീകരിച്ചിട്ടുള്ളതാണ്. കരാറുകാരനായ ശ്രീ അഖിൽ വിഷ്ണുവിന്റെ അപേക്ഷ പ്രകാരം പഴയ 985 ലൈറ്റുകൾ മാറ്റി സ്ഥാപിയ്ക്കുകയും 183 എണ്ണം റിപ്പയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ 1168 ബൾബിന് 200/- രൂപ നിരക്കിൽ 2,33,600/- രൂപ മെയിന്റനൻസിന് നൽകാൻ ആവശ്യപ്പെടുകയും ഇതിൽ ആദായനികുതി 4,336 /- രൂപ ഒഴികെ 2,29,264 /- രൂപ കരാറുകാരന് നൽകിയിട്ടുമുണ്ട്.

തെരുവ് വിളക്ക് വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും 787 എൽഇഡി ബൾബുകൾ 24-25 വർഷം വാങ്ങിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | എണ്ണം |
|---|---|
| S0265/25 | 300 |
| S0026/25 | 487 |
| ആകെ | 787 |

തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും മുൻബാക്കി ഉൾപ്പെടെ 14 /15 W ന്റെ ആകെ 804 ബൾബുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 568 ബൾബുകളാണ് കരാറുകാരന് നൽകിയിട്ടുള്ളത്. 568 ബൾബുകൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാറുകാരൻ കൈപ്പറ്റിയതെങ്കിൽ അധികം എണ്ണം മാറ്റി സ്ഥാപിച്ചത് എപ്രകാരമെന്ന് വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/16.10.25) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററിലെ കണക്ക് തെറ്റാണെങ്കിലും മുൻബാക്കി ഉൾപ്പെടെ 24-25 വർഷം വാങ്ങിയ 787 ലൈറ്റുകൾ മാറ്റിസ്ഥാപിച്ചതിന്റെ തുകയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളു. ആയിരിക്കെ കരാറുകാരൻ 985 എണ്ണം ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്ന് അവകാശപ്പെടുന്നത് അംഗീകരിക്കാനാവില്ല. ആകയാൽ സ്റ്റോക്കിൽ ഇല്ലാത്ത 198 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്ന കരാറുകാരന്റെ കണക്ക് തെറ്റാണ്. ആകയാൽ കണക്കിൽപ്പെടാത്ത 198 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതിന് ചെലവഴിച്ച 39,600 രൂപ(198 X 200) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ദർശിക പദ്ധതി- നടത്തിപ്പിലെ അപാകതകൾ

| പ്രോജക്ട് നം. | S0134/25 |
|---|---|
| പ്രോജക്ടിന്റെ പേര് | ദർശിക പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 7,50,000/- |
| ചെലവ് | 3,11,812/- |

| | |
|---|---|
| ബിആർഎൻ നം. | 32406065201470151149 1/12.03.25 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ദർശിക പദ്ധതിയുടെ നടത്തിപ്പിനായി 2024-25 വർഷം 3,11,812 രൂപ വിവിധയിനങ്ങളിലായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ വനിതാ ഫിറ്റ്നെസ്സ് സെന്ററിൽ, ഫിറ്റ്നെസ് ട്രെയിനറായി അനഘ സുധീർ എന്നയാളെ തീരുമാനം നം.1/8-02-24 പ്രകാരം കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ടിയാൾക്ക് ദിവസേന 400 രൂപ പ്രകാരം പരമാവധി 12,000 രൂപ വേതനം നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സെപ്തംബർ മുതൽ ഡിസംബർ വരെ ആകെ 57 ദിവസം ടിയാൾ ജോലിയ്ക്ക് വന്നതായി കാണിച്ച് വേതനം നൽകി. ആയതിന് അറ്റൻഡൻസ് രജിസ്റ്ററും ഇല്ല. ആകെ കൈപ്പറ്റിയ വേതനം 22,800/-രൂപ. അതിനുശേഷം ആതിര കെ.എസ്. എന്നയാളാണ് ഫിറ്റ്നെസ് ട്രെയിനർ എന്ന പേരിൽ വേതനം കൈപ്പറ്റിയിട്ടുള്ളത്. ടിയാളെ നിയമിച്ചതിന് ആധാരമായ ഒരു രേഖയും ഫയലിലില്ല. ടിയാൾ രണ്ടു മാസത്തിനിടയിൽ 29 ദിവസം ജോലി ചെയ്തതിന് 11,600/- രൂപ വേതനമിനത്തിൽ കൈപ്പറ്റി. ടി ട്രെയിനിംഗ് സെന്ററിൽ എത്ര പേർ വരുന്നുണ്ടെന്നോ, എപ്പോഴാണ് ഇതിന്റെ പ്രവർത്തന സമയമെന്നോ, എല്ലാ ദിവസവും പ്രവർത്തിക്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. തന്നെയുമല്ല ആവർത്തനച്ചെലവുള്ള ഈ സംരംഭം എങ്ങിനെ നടത്തിക്കൊണ്ടു പോകും എന്നതിനെ സംബന്ധിച്ചും വ്യക്തതയില്ല. നിലവിൽ ശമ്പളം കൊടുക്കുന്നതു പോലും വികസനഫണ്ട് ഉപയോഗിച്ചാണ്. ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.28/17.10.2025) മറുപടി ലഭ്യമാക്കിയില്ല. സാധാരണക്കാരായ സ്ത്രീകൾക്ക് പ്രയോജനം ലഭിക്കുന്നതിനായി വിഭാവനം ചെയ്ത് നടപ്പിലാക്കിയ പദ്ധതി കൃത്യമായ ആസൂത്രണമില്ലായ്മ മൂലവും, ആവർത്തന ചെലവ് എങ്ങിനെ കണ്ടെത്തുമെന്ന കാഴ്ചപ്പാട് ഇല്ലാതിരുന്നതിനാലും പൂർണ്ണ സജ്ജമായില്ല. വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**1-18 വായനശാലകൾക്ക് പത്രവരിസംഖ്യ നൽകിയത് ഗ്രേഡ് നിർദ്ദേശങ്ങൾ പാലിക്കാതെ**

2024-25 വർഷം വായനശാലകൾക്ക് പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്ന പേരിൽ ഹെഡ്മിസ്ട്രസ്, ജി.യു.എൽ.പി.എസ്. നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങളും, നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0140/25 |
| പ്രോജക്ടിന്റെ പേര് | വായനശാലകൾക്ക്പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| അടങ്കൽ | 1,00,000/- (വികസന ഫണ്ട് |
| ചെലവ് | 75,000/- |
| നിർവ്വഹണം. | ഹെഡ്മിസ്ട്രസ്സ്, ജി.യു.എൽ.പി.എസ്. |
| ബിആർഎൻ നം. | 24060652015301456455/തീയതി 07.03.2025 |

സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും സ.ഉ. (സാധാ)നം. 1040/2023/LSGD തീയതി 15.05.2023 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സി ഗ്രേഡും, അതിനു മുകളിലുമുള്ള ലൈബ്രറികൾക്ക് പ്രതിമാസം 3 ദിനപത്രം വീതവും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് പ്രതിമാസം 2 ദിനപത്രം വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകാൻ അനുമതിയുണ്ട്. ആനുകാലികങ്ങളുടെ വരിസംഖ്യ നൽകുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിൽ ടി പ്രോജക്ട് പ്രകാരം 5 വായനശാലകൾക്കാണ് തൻവർഷം 15,000/- രൂപ വീതം പത്രവരിസംഖ്യ നൽകിയിട്ടുള്ളത്. അതിൽ 4 വായനശാലകൾക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ ഡി, ഇ ഗ്രേഡുകളിൽപ്പെടുന്നവയാണ്. പ്രസ്തുത ഗ്രേഡുകളിൽപ്പെടുന്ന വായനശാലകൾക്ക് 2 ദിനപ്പത്രത്തിന് വരിസംഖ്യ നൽകുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. അതുപോലെ ഒരു വായനശാലയ്ക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അധികം നൽകിയ തുക 50,700/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം ലഭ്യമായ വായന ശാലകൾ | സ്റ്റേറ്റ് ലൈബ്രറി കൌൺസി ലിന്റെ അംഗീകാരം ഉണ്ട്/ഇല്ല | ഗ്രേഡ് | അനുവദി ക്കാവുന്ന പത്ര ത്തിന്റെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1. | യുവജന സമാജം വായനശാല, പടി. മനക്കോടം | ഉണ്ട് | ഡി | 2 | 15000/- | 4860/- | 10140/- |
| 2. | ടാഗോർ വായനശാല& ഗ്രന്ഥശാല, തുറവൂർ | ഉണ്ട് | ഡി | 2 | 15000/- | 4860/- | 10140/- |
| 3. | പഞ്ചായത്ത് ലൈബ്രറി, തുറവൂർ | ഉണ്ട് | ഡി | 2 | 15000/- | 4860/- | 10140/- |
| 4. | ദേശസേവിനി | ഉണ്ട് | ഇ | 2 | 15000/- | 4860/- | 10140/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | വായനശാല, കളരിക്കൽ, തിരുമലഭാഗം | | | | | | |
| 5. | മാനവസഹായ സമിതി വായനശാല & ഗ്രന്ഥശാല, തുറവൂർ പി.ഒ. | ഉണ്ട് | ഡി | 2 | 15000/- | 4860 | 10140/- |
| | | | | ആകെ | 75000/- | 24300/- | 50700/- |

അപാകതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/14.10.2025) അറിവില്ലായ്മ മൂലമാണ് ഇത്തരത്തിൽ പിശക് സംഭവിച്ചതെന്നും, മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതാണെന്നും ഹെഡ്മിസ്ട്രസ്സ് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് നൽകിയ 50,700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാർഡ് 7 സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ- വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | S0052/25, സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ വാർഡ് 7 |
| അടങ്കൽ | 200000 (വികസനഫണ്ട് എസ് സി പി) |
| ആകെ ചെലവ് | 1,95,515 /- |
| ചെലവിനാധാരമായ ബിൽ വിവരം | 1,95,515/-(BRN No.24060652013601703035 / 25.03.25) |
| നിർവ്വഹണം | സെക്രട്ടറി |

മേൽ പ്രോജക്ടിലുൾപ്പെടുത്തി വാർഡ് ഏഴിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷന് 1,95,515/- രൂപ കെ.എസ്.ഇ.ബി. കുത്തിയതോടിന് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തികരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായത് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (13/14.10.25) പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചില്ല എന്നും പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. പ്രസ്തുത പ്രവൃത്തിയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1,95,515 /- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 HDPE ചട്ടി വിതരണം- ജി.എസ്.ടി. ഉറവിടത്തിൽ കുറവ് ചെയ്തിട്ടില്ല

പ്രോജക്ട് നം. -S0108/25

പ്രോജക്ടിന്റെ പേര് - HDPE ചട്ടി വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട്(ജനറൽ) | 7,05,400 | 4,86,000 |
| ഗുണഭോക്തൃ വിഹിതം | 2,35,000 | 2,35,000 |
| ആകെ | 9,40,400 | 7,21,000 |

12 ഇഞ്ച് വലിപ്പമുള്ള 10 HDPE ചട്ടികൾ, പോട്ടിംഗ് മിശ്രിതം നിറച്ച് പച്ചക്കറി തൈകൾ നട്ട് നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

ആകെ 4700 ചട്ടികൾ (3240 +1460) 140 രൂപ നിരക്കിൽ സപ്ലൈ ചെയ്തതിന് കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. രണ്ടര ലക്ഷം രൂപയിൽ കവിയുന്ന നികുതി വിധേയമായ സാധനങ്ങളുടേയോ സേവനങ്ങളുടേയോ വാങ്ങലുകൾ നടത്തിയതിന്റെ പേയ്മെന്റ് നടത്തുമ്പോൾ ടി തുകയിൽ നിന്നും 2% നികുതി (സി.ജി.എസ്.റ്റി-1%, എസ്.ജി.എസ്.റ്റി- 1%) ഉറവിടത്തിൽ നിന്നും കുറവ് ചെയ്യേണ്ടതുണ്ട്. എന്നാൽ കാവേരി ഫെർട്ടിലൈസർ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് HDPE ചെടിച്ചട്ടി സപ്ലൈ ചെയ്തതിന് തുക നൽകിയപ്പോൾ ഉറവിടത്തിൽ നിന്നും 2% ജി.എസ്.റ്റി കുറവ് ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം. തീയതി / തുക | ബിൽ തുക/ ബിൽ നം. തീയതി | ജി എസ് റ്റി ഉൾപ്പടെ HDPE ചെടിച്ചട്ടിയുടെ വില | ജി എസ് റ്റി ഒഴികെയുള്ള തുക | ഉറവിടത്തിൽ കുറവ് ചെയ്യേണ്ട ജി എസ് റ്റി (@2%) |
|---|---|---|---|---|---|
| 1 | SK/62/24-25 18.01.25 453600/- | 3,40,200/- BRN13801446278/06.03.25<br>113400/-(ഗുണഭോക്തൃ വിഹിതം) ചെക്ക് നം.6478672/28.01.25 | 453600(3240ചട്ടികൾ) | 3,84,406 | 7,688/- |

| | | | | | |
|---|---|---|---|---|---|
| 2 | SK/154/24-25 14.03.25 204400/- | 51,100/-ചെക്ക് നം.6478685/ 20.03.25 (ഗുണഭോക്തൃ വിഹിതം മാത്രം തൻ വർഷം നൽകി) | 204400(1460ചട്ടികൾ) | 1,73,220 | 3,464 |
| | ആകെ | | | | 11152/- |

സ്ഥാപനം ജി.എസ്.റ്റി. നിയമം അനുസരിച്ചാണ് പ്രോജക്ട് പ്രകാരമുള്ള സാധനങ്ങളുടെ വിതരണം നടത്തിയിട്ടുള്ളത് എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/14.10.25) മറുപടി ലഭ്യമാക്കി. 2% ജി.എസ്.റ്റി. ടി ഡി എസ് ഇനത്തിൽ 11,152/- രൂപ ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി അറിയിക്കേണ്ടതാണ്.

**1-21 വീട് വാസയോഗ്യമാക്കൽ -പ്രവൃത്തി പൂർത്തിയായില്ല**

പ്രോജക്ട് നം. – S0046/25

പ്രോജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ - എസ് സി

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി ഇ ഒ, തുറവൂർ സർക്കിൾ

അടങ്കൽ-18ലക്ഷം( വികസന ഫണ്ട്- എസ് .സി .പി)

ചെലവ് -14,50,000

വീട് വാസയോഗ്യമാക്കുന്നതിനായി എസ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലക്ഷംരൂപ വീതം നൽകുന്നതായിരുന്നു പ്രോജക്ട് ലക്ഷ്യം. ആയത് പ്രകാരം 50,000 രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക ബിൽ നം. തീയതി | റിമാർക്സ് |
|---|---|---|---|
| 1 | സുജാത ഹരിലാൽ, മുണ്ടുപറമ്പിൽ, വാർഡ്-5 | 50000/- BRN2014301167044/13.01.25 | പ്രവൃത്തി പൂർത്തിയാക്കി മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 2 | ബേബി പുത്തൻ തറ, വാർഡ്-15 | 50000/- BRN2014301452781/07.03.25 | |
| 3 | കാർത്തി അപ്പച്ചൻ, പുതിയനികർത്ത്, വാർഡ്-7 | 50000/- BRN2014301226390/25.01.25 | 1,40,000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയിരുന്നെങ്കിലും പ്രവൃത്തി പൂർത്തിയാക്കി 36386/-രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രമാണ് ഹാജരാക്കിയിട്ടുള്ളത്. |

പ്രവൃത്തി പൂർത്തിയാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/16.10.25) പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണെന്നും പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ട് കൈമാറുന്നതാണെന്നും മറുപടി ലഭ്യമാക്കി. അതുവരെ ക്രമ നം. 1, 2 എന്നീ ഗുണഭോക്താക്കൾക്ക് നൽകിയ മുൻകൂർ 1,00,000/-രൂപയുടെ (50000+50000) ചെലവ് തടസ്സപ്പെടുത്തുന്നു. ക്രമ നം. 3 ലെ ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണത്തിന്റ തുടർ വിവരം അറിയിക്കേണ്ടതാണ്.

**1-22 ടാർ ബാരൽവിലയും ജി.എസ്.ടി യും ബില്ലിൽ നിന്നും കുറവു ചെയ്തില്ല**

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടി.യുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. എന്നാൽ താഴെ ചേർക്കുന്ന പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും 281/-രൂപ നിരക്കിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം/ കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | വാലയിൽ റോഡ് അറ്റകുറ്റപ്പണി (ടാറിംഗ്) | മെയിന്റനൻസ് ഗ്രാന്റ് റോഡ് അനിൽകുമാർ പി.ജി. | 13 ബാരൽ | 3653 | 552-28.2.25 370387/- |
| 2 | ഇല്ലിക്കൽ തയ്യിൽ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | വികസന ഫണ്ട് (ജനറൽ) അനിൽകുമാർ പി.ജി. | 7 ബാരൽ | 1967 | 653-12.3.25 391320/- |

| | | | | | |
|---|---|---|---|---|---|
| 3 | പാറപ്പുഴ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | വികസന ഫണ്ട് (ജനറൽ) ജോബ് ടി.ജെ. | 6 ബാരൽ | 1686 | 701-20.3.25 47800/- |
| 4 | കോന്നിശ്ശേരി തേവലപ്പൊഴി റോഡ് | വികസന ഫണ്ട് (ജനറൽ) ജോബ് ടി.ജെ. | 10ബാരൽ | 2810 | 699-19.3.25 327964/- |
| 5 | മുണ്ടുകണ്ടം ആലുങ്കൽറോഡ് | വികസന ഫണ്ട് (ജനറൽ) ജോബ് ടി.ജെ. | 8 ബാരൽ | 2248 | 645-11.3.25 33498/- |
| 6 | മാധവം എസ്.എൻ.ജി.എം. റോഡ് | ജോബ് ടി.ജെ. മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9 ബാരൽ | 2529 | 696-19.3.25 432820/- |
| | | | | 14893 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്യാതെ ഫൈനൽ ബിൽ നൽകിയതിനാൽ 14,893/- രൂപ കരാറുകാർക്ക് അധികം നൽകുവാനിടയായി. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറി (നം.33/17.10.25)യ്ക്ക് മറുപടിയായി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണോദ്യാഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

**1-23 അങ്കണവാടി പോഷകാഹാര വിതരണം - കടത്തുകൂലി അധികം നൽകി**

| | |
|---|---|
| പ്രോജക്ട് നം. | S0107/25 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് പോഷകാഹാര വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| അടങ്കൽ | 41,83,000/- |
| ചെലവ് | 36,51,201/- |
| ചെക്ക് നം. | 1)എസ് ബി6478675/10.02.2025 2)363746/29.03.2025 |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാര വിതരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 വർഷം കടത്തുകൂലിയ്ക്കായി 1,51,945/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടിയാന്റെ പക്കൽ നിന്നും IT Act 194 (സി) പ്രകാരം ഈടാക്കേണ്ട 1 % ആദായ നികുതിയായ 1,519/- രൂപ ഈടാക്കിയിട്ടില്ല. 1 % ആദായ നികുതിയായ 1,519/- രൂപ ഈടാക്കി നിർദ്ദിഷ്ട ഹെഡ്ഡിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

അമൃതം പൊടിയ്ക്കുള്ള കടത്തുകൂലി 2024 നവംബർ മാസം വരെ കിലോഗ്രാമിന് 3.00 രൂപയും, പിന്നീടുള്ള മാസങ്ങളിൽ 3.50 രൂപയും നൽകിയിരിക്കുന്നു. ഈയിനത്തിൽ 2,938.00 രൂപ അധികം നൽകിയിട്ടുണ്ട്. (ഡിസംബർ 739 രൂ., ജനുവരി 753, രൂ. ഫെബ്രുവരി 735 രൂ., മാർച്ച് 710.50 രൂ. )ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/17.10.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2,938.00 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

**1-24 വയോജനങ്ങൾക്ക് കട്ടിൽ അപേക്ഷകൾ അപൂർണ്ണം**

| | |
|---|---|
| പ്രോജക്ട് നം. | S0130/25 |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 4,56,560/- |
| ചെലവ് | 4,53,420/- |
| ബിൽ നം. | 48/13.03.2025 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 വർഷം 4,53,420/- രൂപ ചെലവഴിച്ച് കാഡ്കോയിൽ നിന്നും ഒരു കട്ടിലിന് 4,200/- രൂ. പ്രകാരം 108 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ അപേക്ഷ സ്വീകരിച്ചതിലും ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിലും, വിതരണം നടത്തിയതിലും, ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/വയസ്സ് | അപേക്ഷകളിലെ അപാകതകൾ |
|---|---|---|
| 1. | മൈക്കിൾ, (39) | പ്രായം 60 ൽ താഴെ, കിടപ്പു രോഗി ആണെന്നോ, നിരാലംബനാണെന്നോ തെളിയിക്കുന്ന രേഖകളൊന്നും തന്നെ അപേക്ഷയ്ക്കൊപ്പം ഇല്ല. |

| | | |
|---|---|---|
| 2. | ഇന്ദിര (57) | പ്രായം 60 ൽ താഴെ, കിടപ്പു രോഗി ആണെന്ന് തെളിയിക്കുന്ന രേഖകളൊന്നും തന്നെ അപേക്ഷയ്ക്കൊപ്പം ഇല്ല. |
| 3. | രമണി (58) | 60 വയസ്സ് പൂർത്തിയായിട്ടില്ല. |
| 4. | ആലീസ് ആന്റണി (58) | 60 വയസ്സ് പൂർത്തിയായിട്ടില്ല. അപേക്ഷ നൽകിയത് 22.05.2025 ൽ |
| 5. | ശശി (70) | അപേക്ഷ നൽകിയത് 22.05.2025 ൽ |
| 7. | സുധാകരൻ (71) | അപേക്ഷ നൽകിയത് 22.05.2025 ൽ |
| 8. | ചന്ദ്രൻ | അപേക്ഷ തീയതി, ഒപ്പ്, മറ്റ് വിശദാംശങ്ങൾ ഇല്ല |
| 9. | തങ്കമ്മ | അപേക്ഷ തീയതി, ഒപ്പ്, മറ്റ് വിശദാംശങ്ങൾ ഇല്ല |
| 10. | രാജമ്മ (70) | റേഷൻ കാർഡിൽ സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ട്. ബിപിഎൽ വിഭാഗമല്ല.<br>അപേക്ഷ നൽകിയത് 27.05.2025 ൽ |
| 11. | സൗഗമിത്ര (58) | വരുമാന പ്രകാരം ബിപിഎൽ വിഭാഗത്തിൽപ്പെടുന്നില്ല. 60 വയസ്സ് പൂർത്തിയായില്ല. അപേക്ഷയിൽ തീയതി, ഒപ്പ് ഇല്ല. |

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.29/17.10.2025) മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ രേഖകൾ ഇല്ലാതെയും മാനദണ്ഡങ്ങൾ പാലിക്കാതെയും നൽകിയ കട്ടിലുകളുടെ വിലയായ 46,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-25 കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിയ്ക്കാത്ത പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഫൈൻ കുറവു ചെയ്തില്ല**

ജി.ഒ. (പി)13/2012/PWD/01-02-2012 പ്രകാരമുള്ള പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തിയിൽ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരനിൽ നിന്നും പിഴയൊന്നും തന്നെ ഈടാക്കിയില്ല.24.9.24 ലെ പഞ്ചായത്ത് കമ്മറ്റിയുടെ 20/3 നം. തീരുമാന പ്രകാരം 5.12.24 വരെ പിഴയില്ലാതെയും തുടർന്ന് ഫൈൻ ഈടാക്കിയും 30.1.25 വരെ ദീർഘിപ്പിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടെങ്കിലും (23.12.24 ലെ 20/1 നം. തീരുമാനം) ഫൈൻ ഈടാക്കാതെയാണ് ഫൈനൽ ബില്ലു പ്രകാരമുള്ള തുക കരാറുകാരന് നല്കിയത്. കൂടാതെ കരാർ പ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ, 2012 ലെ പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2116-1 ൽ അനുശാസിക്കുന്ന വിധം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% നിരക്കിൽ ലിക്വിഡിറ്റി ഡാമേജ് (കോമ്പൻസേഷൻ) ഈടാക്കേണ്ടിയിരുന്നു. എന്നാൽ ഇവിടെ കോമ്പൻസേഷൻ കുറവു ചെയ്യാതെയാണ് ഫൈനൽ ബിൽ തുക നല്കിയത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | കരാറുകാരൻ/എഗ്രിമെന്റ്/ പി.എ.സി,സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി | പൂർത്തീകരണ കാലാവധി/ പൂർത്തി യാക്കേണ്ട തീയതി | പൂർത്തി യാക്കിയ തീയതി/ കാലതാമസം | ഈടാക്കേണ്ട ഫൈൻ | ബിൽ നം. തീയതി/തുക. |
|---|---|---|---|---|---|---|
| 1 | ഇല്ലിക്കൽ തയ്യിൽ റോഡ് -വാർഡ്16 (So264/25) | അനിൽകുമാർ പി.ജി.<br>15/AE/LSGD/ TVR/38/23-24 തീയതി-7.3.24<br>456757/-<br>15.3.24 | 6-മാസം<br>15.9.24 | 6.03.25<br>6.12.24-6.3.25 വരെ.<br>13ആഴ്ച<br>(5.12.24 -വരെ പിഴ ഒഴിവാക്കുന്നതിനും തുടർന്ന് പിഴ ഈടാക്കി ദീർഘിപ്പിച്ചു | 456757X 13X0.1%= 5938 | 653-12.3.25<br>391320 രൂ. |

| | | | | | | |
|---|---|---|---|---|---|---|
| | | | | നല്കുന്നതിനും പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തിട്ടുണ്ട്.) | | |
| ആകെ | | | | | 5938 | |

മേൽ വിഷയം പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.18/16.10.25) മറുപടിയായി കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക 5,938 രൂപ തിരികെ ഈടാക്കാത്തപക്ഷം ആയത് നിർവ്വഹണോദ്യാഗസ്ഥയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-26 വനിതകൾക്ക് കിഴങ്ങ് വർഗ്ഗ കൃഷി- ഇടവിള കിറ്റിന്റെ വിതരണം പൂർണ്ണമല്ല

പ്രോജക്ട് നം. - S0105/25

പ്രോജക്ടിന്റെ പേര് – വനിതകൾക്ക് കിഴങ്ങ് വർഗ്ഗ കൃഷി

അടങ്കൽ – 4,00,000/-(വികസന ഫണ്ട്)

ചെലവ് – 4,00,000/-((എ) 200000/- BRN 24060652013801446310/06.03.25

(ബി) 200000/-BRN 24060652013801446306/06.03.25)

ഗ്രാമ പഞ്ചായത്തിൽ കിഴങ്ങ്കൃഷി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വനിതകൾക്ക് കിഴങ്ങ് വിത്ത് ഉൾപ്പെടുന്ന 500 രൂപയുടെ കിറ്റ് വിതരണം ചെയ്യുന്നതായിരുന്നു അംഗീകൃത പ്രോജക്ടിന്റെ ലക്ഷ്യം. വിതരണം നടത്തുന്നതിനായി 500/- രൂപ നിരക്കിൽ 800 ഇടവിള കിറ്റ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയതിന് പ്രസ്തുത ബിൽ പ്രകാരം സ്ഥാപനത്തിന് 4 ലക്ഷം രൂപ നൽകിയിട്ടുണ്ട്. ചേന – 3കിലോഗ്രാം, ചേമ്പ് – 1 കിലോ ഗ്രാം , കാച്ചിൽ- 3 കിലോഗ്രാം എന്നിവയാണ് ഒരു കിറ്റിൽ ഉൾപ്പെടുന്നത്.

കിഴങ്ങ് വിത്തിന്റെ വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ പല ഗുണഭോക്താക്കളും ഇടവിള കിറ്റ് കൈപ്പറ്റിയതായി രേഖയില്ല. രജിസ്റ്ററിൽ വ്യക്തികളുടെ പേര്, വാർഡ് എന്നിവ ചേർക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ആകെ 800 എണ്ണം വാങ്ങിയതിൽ 775 എണ്ണം വിതരണം ചെയ്തിട്ടുണ്ട്. 25 കിറ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടില്ല. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. | വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം നൽകിയതായി രേഖപ്പെടുത്തിയ ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1 | 11 | പ്രസീത, തേവർകണ്ടം |
| 2 | 11 | സോദരി, വിരുത്തിൽ |
| 3 | 11 | ജാൻസി, നികർത്തിൽ |
| 4 | 11 | അനിത, ബ്ലാത്ത് |
| 5 | 11 | ഷൈലജ, വൃന്ദാവൻ |
| 6 | 11 | ഷൈലമോൾ, നികർത്തിൽ |
| 7 | 11 | ശാരദ, മരട്ടീച്ചാണിയിൽ |
| 8 | 11 | അജിത, കൊല്ലംപറമ്പിൽ |
| 9 | 11 | അംബിക, പടിഞ്ഞാറെ കുന്നേൽ |
| 10 | 11 | ലൈജ എ.വി., മഠത്തിപ്പറമ്പിൽ |
| 11 | 11 | ഷൈല, ശ്രീനിലയം |
| 12 | 11 | റോസ്‌ലി ജോസ്, റോസ് വില്ല |
| 13 | 1 | അന്നമ്മജോണി, കട്ടിക്കാട്ട് |
| 14 | 1 | മേരി പ്രിയ, വലിയവീട്ടിൽ |
| 15 | 1 | ജൂലറ്റ് സിദ്ധാവ്, നമ്പ്യാശേരി |
| 16 | 1 | ആനി ആന്റണി, വാലയിൽ |
| 17 | 1 | മേരി ജസ്റ്റിൻ |
| 18 | 12 | സുപ്രഭ, മാളിയേക്കൽ |
| 19 | 16 | ജയമോൾ, അഴിനാക്കൽ |
| 20 | 16 | മോളിജറോം, തയ്യിൽ |
| 21 | 6 | മായാശ്രീകുമാർ, പൌവത്തിൽ |
| 22 | 15 | മല്ലിക, മല്ലികാനിവാസ് |
| 23 | 13 | അനില, കൊല്ലംപറമ്പിൽ |
| 24 | 13 | അനില, പൊള്ളേപറമ്പ് |
| 25 | 13 | റോസി, മുട്ടത്യക്കൽ |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/14.10.25) ഗുണഭോക്താക്കളുടെ കൈപ്പറ്റുരേഖയും പ്രസ്തുത വാർഡുകളിലെ ജനപ്രതിനിധികളുടെ സാക്ഷ്യപത്രവും ഹാജരാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. വിതരണ രേഖ ഹാജരാക്കുന്നതുവരെ ഒരു കിറ്റിന് 500/- രൂപ നിരക്കിൽ 25 കിറ്റിന്റെ വിലയായ 12,500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-27 ലൈഫ് ഭവന പദ്ധതി - അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം ആരംഭിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ മുൻ വർഷങ്ങളിലുൾപ്പെടെ അഡ്വാൻസ് കൈപ്പറ്റിയിട്ടുള്ള

ഗുണഭോക്താക്കളിൽ ഇപ്പോഴും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/ വാർഡ് നം. | ആകെ നൽകിയ തുക | തീയതി |
|---|---|---|---|
| | ലൈഫ് -എസ് സി | | |
| 1 | സുരേന്ദ്രൻ, വാർഡ്-7 | 40,000 | 24.06.23 |
| 2 | അമ്മു, വാർഡ്-2 | 40,000 | 23.03.24 |
| 3 | ശശീന്ദ്രൻ, വാർഡ്-6 | 40,000 | 12.10.23 |
| 4 | രാജമ്മ മനോഹരൻ, വാർഡ്-11 | 40,000 | 08.01.24 |
| 5 | രാധ ചെല്ലപ്പൻ, വാർഡ്-17 | 40,000 | 23.03.24 |
| 6 | സിദ്ധാർത്ഥൻ എസ്., വാർഡ്-15 | 40,000 | 23.03.24 |
| 7 | ഉമാവതി കൊച്ചപ്പൻ, വാർഡ്-18 | 40,000 | 09.07.24 |
| 8 | മഞ്ജുള പി.കെ., വാർഡ്-3 | 40,000 | 02.11.24 |
| 9 | കാഞ്ചന, വാർഡ്-1 | 40,000 | 02.11.24 |
| 10 | രതീഷ്,വാർഡ്-7 | 40,000 | 12.12.24 |
| | ലൈഫ് - ജനറൽ | | |
| 12 | അജിത അരവിന്ദാക്ഷൻ, വാർഡ്-13 | 40,000 | 21.11.24 |
| 13 | സി.എസ്.വിജയൻ, വാർഡ്-4 | 40,000 | 21.11.24 |
| 14 | തങ്കമ്മ കുര്യക്കോസ്, വാർഡ്-10 | 40,000 | 03.07.24 |
| 15 | രാധ, വാർഡ്-12 | 40,000 | 21.11.24 |
| | ലൈഫ്- ഫിഷറീസ് | | |
| 16 | എൽസി തോമസ്, വാർഡ്-1 | 40,000 | 03.07.24 |

പ്രസ്തുത ഗുണഭോക്താക്കൾ ഉടൻതന്നെ പ്രവൃത്തി ആരംഭിയ്ക്കുന്നതാണ് എന്ന് ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/16.10.25) മറുപടി ലഭ്യമാക്കി. ഭവനനിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്. ആയതിന് തയ്യാറാകാത്തവരിൽ നിന്നും മുൻകൂർ നൽകിയ തുക പലിശസഹിതം ഈടാക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-28 ഭവന പുനരുദ്ധാരണം- ഗുണഭോക്താവിന്റെ അക്കൌണ്ടിൽ തുക ക്രെഡിറ്റായില്ല**

പ്രോജക്ട് നം. - S0050/25
പ്രോജക്ടിന്റെ പേര് - അതി ദരിദ്രർക്കുവേണ്ടിയുള്ള പദ്ധതി

| ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 58,731 | 50,000 |
| തനത് ഫണ്ട് | 30,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 4,00,000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 9,00,000 | 0 |
| ആകെ | 13,88,731 | 50,000 |

അതി ദരിദ്രർക്കുവേണ്ടിയുള്ള പ്രസ്തുത പ്രോജക്ടിൽ സെബാസ്റ്റ്യൻ മൈക്കിൾ എന്ന ഗുണഭോക്താവിന് ഭവന പുനരുദ്ധാരണത്തിനായി തുക അനുവദിച്ചിരുന്നു. 27.12.24 ൽ TRN 240606000000006328 പ്രകാരം 25,000/-രൂപ മുൻകൂർ നൽകി (A/C No. 1627010054312). പ്രവൃത്തി പൂർത്തിയാക്കി 50146/- രൂപയുടെ മൂല്യനിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കിയപ്പോൾ ഫൈനൽ പെയ്മെന്റ് 25,000 /-രൂപ 10.03.25 ൽ A/C No. 1627010054312 ലേയ്ക്ക് അനുവദിച്ചിരുന്നു (TRN 240606000000008214). എന്നാൽ തുക ഗുണഭോക്താവിന്റെ അക്കൌണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. BIMS റിപ്പോർട്ട് പ്രകാരം പ്രസ്തുത തുക മദർ അക്കൌണ്ടിലേയ്ക്ക് പോയതിനാൽ മേൽ ഗുണഭോക്താവിന് തുക തിരിച്ച് നൽകുന്നതിന് വി.ഇ.ഒ., പഞ്ചായത്ത് കമ്മിറ്റിയിൽ അപേക്ഷ സമർപ്പിച്ചു. എന്നാൽ ട്രഷറി / ബാങ്ക് ൽ നിന്നുള്ള നോൺപെയ്മെന്റ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/16.10.25), കോ ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം ലഭിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കി. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശം അറിയിക്കേണ്ടതാണ്.

**1-29 അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്തൃ ലിസ്റ്റിന് അംഗീകാരം ലഭ്യമാക്കിയില്ല**

| | |
|---|---|
| 1) പ്രോജക്ട് നം., പേര് | S0072/25, പാലിന് സബ്സിഡി |
| അടങ്കൽ | 8,78,439/- (വികസന |

| | |
|---|---|
| | ഫണ്ട്) |
| ചെലവ് | 7,66,221/- |

| | |
|---|---|
| 2) പ്രോജക്ട് നം., പേര് | S0073/25, കാലിത്തീറ്റ സബ്സിഡി |
| അടങ്കൽ | 17,12,170/-<br>8,56,085/- (വികസനഫണ്ട് )<br>8,56,085/-ഗുണഭോക്തൃവിഹിതം |
| ചെലവ് | 3,77,384/- (വികസനഫണ്ട്) |

ഡയറി ഫാം ഇൻസ്ട്രക്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളിൽ ഗ്രാമസഭ അംഗീകരിച്ചു നൽകിയ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെക്കാൾ അധികമായി 12 ക്ഷീരകർഷകരെ പാലിന് സബ്സിഡി നൽകുന്നതിനും, 31 ക്ഷീരകർഷകരെ കാലിത്തീറ്റ സബ്സിഡി നൽകുന്നതിനും സൊസൈറ്റികളുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ 14.01.2024 ലെ 3(1) നമ്പർ തീരുമാന പ്രകാരം ഉൾപ്പെടുത്തി ആനുകൂല്യം നൽകി. ഇങ്ങനെ അധികമായി നൽകിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ ഉൾപ്പെടുത്തി സാധൂകരണം വാങ്ങേണ്ടതുണ്ട്. എന്നാൽ ആയതിന്റെ രേഖകൾ ഹാജരാക്കിയില്ല. അധികമായി ഉൾപ്പെടുത്തിയ ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.8/14.10.25) മറുപടി ലഭ്യമാക്കിയില്ല. അധികമായി ഉൾപ്പെടുത്തിയ ലിസ്റ്റിന് അംഗീകാരം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-30 സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ പണം ചെലവഴിക്കുന്നു**

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളുടെ ചെലവുകൾ നടത്തിയിട്ടുള്ളതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ജിഓ(പി)112/06/ഫിൻ തീയതി 12.04.06, ജി.ഒ.(പി)119/15/ഫിൻ തീയതി 21.03.15 എന്നീ ഉത്തരവുകൾ പ്രകാരം, 1000/- രൂപയ്ക്ക് മുകളിൽ വരുന്ന തുകകൾ അതാത് അക്കൗണ്ടുകളിൽ കൂടി മാത്രമേ നൽകാവൂ എന്ന നിർദ്ദേശം പാലിക്കപ്പെട്ടില്ല. 1,000/- മുതൽ 15,000/- വരെയുള്ള തുകകൾ അക്കൗണ്ടുകളിൽ കൂടെ അല്ലാതെ മാറി നൽകി. തുക അങ്കണവാടി വർക്കറുടേയോ, ഐസിഡിഎസ് സൂപ്പർവൈസറുടേയോ പേരിൽ മാറി നൽകിയ ശേഷം ഗുണഭോക്താവിന് പണം നേരിട്ട് നൽകുന്ന രീതി പല പ്രോജക്ടിന്റെ നിർവ്വഹണത്തിലും സ്വീകരിച്ചു. 16.11.2017 ലെ സ.ഉ.(പി)147/17/ധനം നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട പേമെന്റ് അന്തിമ ഗുണഭോക്താക്കൾക്ക്/ഗുണഭോക്താവിന് ആണ് നൽകേണ്ടത്. എന്നാൽ ഇവയൊന്നും തന്നെ പാലിക്കപ്പെട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. /പേര് | പണം മാറി നൽകിയ ആളുടെ പേര് | തുക | കുറിപ്പ് |
|---|---|---|---|---|
| 1. | S0134/25<br>ദർശിക പദ്ധതി | സിന്ധു എസ്.<br>അങ്കണവാടി വർക്കർ | 12,400/- | 1,000/- രൂപയ്ക്ക് മുകളിലുള്ള തുകകൾ വിവിധ വൗച്ചറുകൾ പ്രകാരം നൽകി |
| 2. | S0134/25<br>ദർശിക പദ്ധതി | സിന്ധു എസ്.<br>അങ്കണവാടി വർക്കർ | 9,626/- | 4000x2=8000 & 1626/- |
| 3. | S0134/25<br>ദർശിക പദ്ധതി | സാലിമോൾ,<br>ഐസിഡിഎസ് സൂപ്പർവൈസർ | 18,000/- | ഓഡിറ്റോറിയം വാടക 15000/-<br>ജഡ്ജസ്- 1000x3= 3000/- |
| 4. | S0133/25<br>ഭിന്നശേഷികുട്ടികളുടെ കലാമേള | കെ.പി.അമ്പിളി<br>അങ്കണവാടി വർക്കർ | 20,224/- | ഓഡിറ്റോറിയം വാടക 15000/-<br>ഡെക്കറേഷൻ- 3000/-<br>ഫോട്ടോ-4000 തുടങ്ങിയവ |
| 6. | S0131/25<br>അങ്കണവാടി കുട്ടികളുടെ കലാമേള | സിന്ധു എസ്.<br>അങ്കണവാടി വർക്കർ | 8,200/- | ഒളിംപിക് സ്പോർട്സ് 8200/- |

ക്രമ നം.2 ലെ 4,000/- രൂപയുടെ ചെലവ്, വൗച്ചർ നം. 2 &3 പ്രകാരം രണ്ടു തവണ നടത്തി. ഗീതാഞ്ജലി കുടുംബശ്രീ യൂണിറ്റിന് 8,000/- രൂപ നൽകി. 4,000/- രൂപ അധികമായി നൽകി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.30/17.10.2025) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങളും, അക്കൌണ്ടിംഗ്

ചട്ടങ്ങളും പാലിച്ച് പണം ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-31 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം - അർഹതാ രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. -S0041/25

പ്രോജക്ടിന്റെ പേര് - മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ്പ് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഫിഷറീസ് ഓഫീസർ

അടങ്കൽ - 8 ലക്ഷം (വികസന ഫണ്ട്-ജനറൽ)

ചെലവ് - 7,67,980/-((എ)614384/-BRN652014201167755/13.01.25, (ബി) 130166/-BRN652014201211299/22.01.25)

മേൽ പ്രോജക്ട് പ്രകാരം മത്സ്യത്തൊഴിലാളികളുടെ മക്കളായ 20 കുട്ടികൾക്ക് ബ്രൈറ്റ് പേൾസ് അഡ്വെഞ്ചർ സ്പോർട്ട്സ് എന്ന സ്ഥാപനത്തിൽ നിന്ന് ജെം പോർട്ടൽ മുഖേന 38,399/-രൂപ നിരക്കിൽ ലാപ്ടോപ്പ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ ജോസ് നിബിൻ, S/O നെൽസൺ, കണ്ണമാലി എന്ന ഗുണഭോക്താവ് 2021-2024 കാലയളവിൽ സെന്റ് മൈക്കിൾസ് കോളേജിൽ ബി.എസ്.സി. (സുവോളജി) വിദ്യാർത്ഥി ആയിരുന്നു എന്നാണ് 10.06.2025 ൽ സ്ഥാപനത്തിന്റെ തലവൻ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്. ആയതിനാൽ ടിയാൾ 2024-25 വർഷം വിദ്യാർത്ഥി ആയിരുന്നു എന്നതിന് രേഖയില്ല.

മേൽ ന്യൂനതയ്ക്ക് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/14.10.25) ഗുണഭോക്താവ് ലാപ്ടോപ്പിനായി അപേക്ഷ നൽകുമ്പോഴും ഗ്രാമസഭാ ലിസ്റ്റ് ലഭ്യമാക്കുന്ന സമയത്തും സെന്റ് മൈക്കിൾസ് കോളേജിലെ വിദ്യാർത്ഥി ആയിരുന്നു എന്നും ലിസ്റ്റിൽ പിന്നിലായതിനാൽ ടിയാൾക്ക് ലാപ്ടോപ്പ് അനുവദിച്ചപ്പോൾ കാലതാമസം നേരിട്ടു എന്നും മറുപടി ലഭ്യമാക്കി. വിദ്യാഭ്യാസ കാലഘട്ടം അവസാനിച്ച ഗുണഭോക്താവിന് പ്രോജക്ടിലുൾപ്പെടുത്തി ആനുകൂല്യം നൽകുന്നത് ഉചിതമല്ല. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ അതിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കൾ നിലവിലും വിദ്യാർത്ഥികളാണെന്നുള്ള വസ്തുത ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ ആനുകൂല്യങ്ങൾ അനുവദിക്കാവൂ. തുടർ പദ്ധതി പ്രവർത്തനങ്ങളിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-32 എം.ജി.എൻ.ആർ.ഇ.ജി.എസ് ക്യാറ്റിൽ ഷെഡ്ഡ് നിർമ്മാണം - ചെലവായതിലും കൂടുതൽ തുക അനുവദിച്ചു

വാർഡ് 16 – ക്യാറ്റിൽ ഷെഡ്ഡ് നിർമ്മാണം

എം ബുക്ക് നം - 436 /24-25

വർക്ക് കോഡ് - 1156531

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ വാർഡ് 16 – ക്യാറ്റിൽ ഷെഡ്ഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയലും എം ബുക്കും പരിശോധിച്ചതിൽ ഗുണഭോക്താവിന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ചെലവായതിലും കൂടുതൽ തുക മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ അനുവദിച്ചതായി കാണുന്നു.

ഗുണഭോക്താവ് വാങ്ങിയ സാധനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം. | തുക |
|---|---|
| Bb2425/474 /31.03.25 | 11,701 /- |
| Bb2425/473 /31.03.25 | 22,620 |
| Pl2425/299/31.03.25 | 4,220 |
| Pl2425/295/31.03.25 | 4,800 |
| Pl2425/296/31.03.25 | 2,700 |
| Pl2425/298/31.03.25 | 15,600 |
| Pl2425/297/31.03.25 | 10,400 |
| 18922/24.03.25 | 41,023 |
| ആകെ | 1,13,064 /- |

എം ബുക്ക് പേജ് നം.28 ൽ മെമ്മോ ഓഫ് പേയ്മെന്റ് പ്രകാരം മെറ്റീരിയൽ കോസ്റ്റ് 1,47,885 രൂപ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഈ പ്രവൃത്തിയുടെ മെറ്റീരിയൽ കോസ്റ്റ് ഗുണഭോക്താവിന് നൽകിയെങ്കിൽ ആയതിന്റെ എഫ് റ്റി ഒ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടതിന് തുക എഫ് റ്റി ഒ ചെയ്തിട്ടില്ല എന്നാണ് അറിയിച്ചത്. ഗുണഭോക്താവിന് തുക അനുവദിക്കുമ്പോൾ മേൽ അപാകത പരിഗണിച്ച് വേണം തുക അനുവദിക്കേണ്ടത്.

പ്രസ്തുത പ്രവൃത്തിയുടെ വർക്ക് കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 28.03.25 തീയതിയിലാണ്. മെറ്റീരിയൽ വാങ്ങിയ ബില്ലുകൾ പ്രകാരം സാധനസാമഗ്രികൾ വാങ്ങിയത് 31.03.25 ൽ ആണ്. പ്രവൃത്തി പൂർത്തിയാക്കിയതിന് ശേഷമാണ് സാമഗ്രികൾ വാങ്ങിയത്, അങ്ങനെയെങ്കിൽ പ്രവൃത്തി നടപ്പാക്കിയത് എപ്രകാരമാണെന്ന് വിശദീകരിക്കാൻ ആവശ്യപ്പെട്ട് എൻക്വയറി (നം.21/16.10.25) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനോടൊപ്പം വ്യക്തിഗത പ്രവൃത്തികളിൽ ഗുണഭോക്താവിന് ചെലവായ തുക മാത്രം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-33 ടാർ ബാരൽ വിലയും ജി.എസ്.ടി യും സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഗ്രാമ പഞ്ചായത്തിൽ 2024-25 ൽ നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ എല്ലാ റോഡ് ടാറിംഗ് പ്രവൃത്തികൾക്കും പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നു. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ തുക ചെലവഴിയ്ക്കപ്പെടുന്നത് അതേ ഫണ്ടിലേയ്ക്ക് തന്നെയാണ് തിരിച്ചടയ്ക്കേണ്ടതും. ആയതിനാൽ ടാർ വീപ്പ വിറ്റു

കിട്ടുന്ന തുക ടാർ വാങ്ങിയ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതും ജി.എസ്.ടി പ്രത്യേകം പിൻവലിച്ച് ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതുമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | ഫണ്ടിനം | സെക്രട്ടറിയുടെ അക്കൗണ്ടിൽ ക്രെഡിറ്റു ചെയ്ത തുക (ജി.എസ്.ടി ഉൾപ്പെടെയുള്ള തുക) | ചെലവുവിവരം |
|---|---|---|---|
| ചേനപറമ്പ് വെളിപ്പറമ്പ് റോഡ് മെയിന്റനൻസ്-വാർഡ് -3(S0147/25) | മെയിന്റനൻസ് ഫണ്ട് റോഡ് | 4214 | 740/25.3.25 269018/- |
| തേവലപ്പൊഴി നെടുങ്ങാത്തറ റോഡ് പുനരുദ്ധാരണം | മെയിന്റനൻസ് ഫണ്ട് റോഡ് | 1966 | 731/25.3.25 378155/- |

മേൽ ന്യൂനതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/16.10.25) മറുപടിയായി തുക ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലെയ്ക്കും വകുപ്പിലേയ്ക്കും അടക്കുന്നതിന് സെക്രട്ടറിയ്ക്ക് കത്ത് നല്കുന്നതാണെന്ന് അറിയിച്ചു. ടാർ ബാരൽ, ജി.എസ്.ടി ഇനത്തിലെ തുക ബന്ധപ്പെട്ട അക്കൗണ്ട് ഹെഡിലെയ്ക്കും വകുപ്പിലേയ്ക്കും അടച്ച് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

**1-34 ജലജീവൻ മിഷൻ**

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽ ജീവൻ പദ്ധതി. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ള കണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ടമായ ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

**ജൽജീവൻ മിഷൻ - കേരളം**

ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണ സംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-21 സാമ്പത്തിക വർഷത്തേക്ക് 880 കോടി പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 ൽ സ.ഉ.(കൈ)37/2020/ജ.വി.വ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു.
കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024-നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പൊതു കെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യം. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. സംസ്ഥാന വിഹിതത്തിന്റെ 15% തുക തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതമാണ്. കൂടാതെ 10% തുക ഗുണഭോക്തൃ വിഹിതവും നൽകേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി രേഖ**

സ.ഉ.(കൈ)നം.37/2020/ജ.വി.വ./08.06.2020 നമ്പർ ഉത്തരവ് പ്രകാരമുള്ള ജൽ ജീവൻ മിഷൻ നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള "ഗ്രാമപഞ്ചായത്ത് തല കർമ്മ പദ്ധതി" നാളിതുവരെ ഗ്രാമപഞ്ചായത്തിൽ ആരംഭിച്ചിട്ടില്ല.

**നിർവ്വഹണ സഹായ ഏജൻസി**

ജൽ ജീവൻ പദ്ധതിയുടെ ഭാഗമായുള്ള ബോധവൽക്കരണവും ശാക്തീകരണവും, ജലസാക്ഷരതാ പ്രവർത്തനങ്ങൾ, പരസ്യ പ്രചാരണ പരിപാടികൾ, ജലഗുണനിലവാര പരിശീലനങ്ങൾ ഉൾപ്പെടെയുള്ള സാമൂഹിക സംഘാടന പരിപാടികളിൽ ഇടപെടൽ നടത്തേണ്ടത് നിർവ്വഹണ സഹായ സംഘടനകളാണ്. ഇടുക്കി കഞ്ഞിക്കുഴി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ ഓറിയന്റേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (SORD) എന്ന സ്ഥാപനത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കുടിവെള്ള ശുചിത്വമിഷൻ മെമ്പർ സെക്രട്ടറി, നിർവ്വഹണ സഹായ ഏജൻസി എന്നിവർ ചേർന്നുള്ള ത്രികക്ഷി കരാറിൽ ഏർപ്പെട്ടു വേണം പദ്ധതി ആരംഭിക്കേണ്ടത്. ഭൂരിഭാഗവും നിലവിലുള്ള സ്രോതസ്സിന്റെ കാലഹരണപ്പെട്ട വിതരണ കുഴലുകൾ മാറ്റുന്ന പ്രവൃത്തി ആയതിനാൽ കുടിവെള്ള വിതരണം തടസ്സമില്ലാതെ നടത്താൻ സാധിക്കുന്നു എന്നതാണ് പദ്ധതിയുടെ മറ്റൊരു പ്രത്യേകത.

**പദ്ധതി വിലയിരുത്തൽ**

ജൽ ജീവൻമിഷൻ പദ്ധതിയ്ക്കായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ വിഹിതം നൽകുകയോ ചെയ്തിട്ടില്ലെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷവും നിലവിൽ(10/2025-ലെ ഡിമാന്റ് പ്രകാരം) 51,17,157/- രൂപ കുടിവെള്ള ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശിഖ ഉണ്ട്. ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതി വഴി എല്ലാവർക്കും ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പ് വരുത്താനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

**1-35 ഹെൽത്ത് ഗ്രാന്റ് - അവലോകനം**

പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത ഹെൽത്ത് ഗ്രാന്റ് ഗ്രാമ പഞ്ചായത്തിൽ ലഭിച്ചതിന്റെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗ്രാന്റ് സ്കീമിന്റെ പേര് | ലഭിച്ച ഗ്രാന്റ് | ചെലവ് | ബാക്കി | ചെലവ് ശതമാനം |
|---|---|---|---|---|---|
| 2022-23 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 1,10,000/- | 110000/- | 0 | 100% |
| 2022-23 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 2,36,447/- | 236447/- | 0 | 100% |
| 2023-24 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 9,75,000/- | 974869/- | 131 /- | 99.9% |
| 2023-24 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 4,05,000/- | 404996/- | 4/- | 100% |
| 2024-25 | (സ്കീം 3) രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 6,45,000/- | 0 | 6,45,000 | 0% |
| 2024-25 | (സ്കീം 4) ഉപകേന്ദ്രങ്ങളിൽ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 4,07,000/- | 73094 /- | 3,33,906/- | 18% |

സ്കീം-3രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ, സ്കീം-4 കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനെസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ എന്നിവയിലാണ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുള്ളത്. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നാളിതുവരെ നിർമ്മാണപ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

<u>ഹെൽത്ത് ഗ്രാന്റ് വിനിയോഗത്തിനായി തദ്ദേശസ്ഥാപനം ഏറ്റെടുത്ത് നടപ്പാക്കിയ പ്രവൃത്തികളുടെ വിവരം</u>

| വർഷം | പ്രോജക്ട് നം./പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 2022-23 | S0191/23, ജീവിത ശൈലീരോഗനിയന്ത്രണവും പ്രതിരോധവും | 1,10,000/- | 1,10,000/- |
| 2022-23 | S0190/23, പകർച്ചവ്യാധി നിയന്ത്രണവും പ്രതിരോധപ്രവർത്തനങ്ങളും | 2,36,447/- | 2,36,447/- |
| 2023-24 | S0223/24, ആരോഗ്യസ്ഥാപനങ്ങളിൽ ലാബ് സൗകര്യങ്ങൾ ഏർപ്പെടുത്തൽ | 9,75,000/- | 9,74,869/- |
| 2023-24 | S0222/24, ജനകീയ ആരോഗ്യകേന്ദ്രങ്ങൾ ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 4,05,000/- | 4,04,996/- |
| 2024-25 | S0290/25,ലാബ് പരിശോധനകളും ലാബ് സംവിധാനം മെച്ചപ്പെടുത്തൽ | 4,07,000/- | 73,094/- |
| 2024-25 | S0289/25, ജനകീയ ആരോഗ്യകേന്ദ്രം ഹെൽത്ത് & വെൽനെസ്സ് പ്രവർത്തനങ്ങൾ | 6,45,000/- | 0 |

**ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി, ഫലപ്രാപ്തി**

ഹെൽത്ത് ഗ്രാന്റ് വിനിയോഗിച്ച് ലാബ് സൌകര്യം ഉണ്ടാക്കുകയും ലാബ് പ്രവർത്തനം തുടങ്ങുകയും ചെയ്തു. കൂടാതെ ജനകീയ ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ സൌകര്യങ്ങൾ, അവശ്യപരിശോധനകൾ തുടങ്ങിയവ നടത്തുകയും ചെയ്യുന്നുണ്ട്. അതുവഴി മെച്ചപ്പെട്ട ചികിത്സ, രോഗാതുരത കുറയ്ക്കുവാനും സാംക്രമിക രോഗങ്ങളെ നിയന്ത്രിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**ശിപാർശകൾ**

ഗ്രാമപഞ്ചായത്ത് പരിധിയിലെ സബ്സെന്ററുകൾ പ്രവർത്തിയ്ക്കന്നത് വാടക കെട്ടിടത്തിലാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി കൂടുതൽ രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്താവുന്നതാണ്.

ഹെൽത്ത് ഗ്രാന്റ് കാര്യക്ഷമമായി വിനിയോഗിച്ച് മികച്ച ആരോഗ്യപരിപാലന സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനും, അതുവഴി ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രോഗ നിർണ്ണയ/ആരോഗ്യ പരിപാലന സംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ഫണ്ട് ലഭിക്കുന്ന സാഹചര്യങ്ങളിൽ, അടുത്ത സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ പ്രോജക്ടുകൾ ആവിഷ്കരിച്ച് സമയബന്ധിതമായി ഫണ്ട് വിനിയോഗം നടത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് പഠനമുറി നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം./പേര് | SO111/25, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| അടങ്കൽ | 1120000 (വികസനഫണ്ട് എസ് സി പി )<br>1000000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>1000000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് | 9,90,000 /- |
| ചെലവിനാധാരമായ ബിൽ വിവരം | ബി.ആർ.എൻ.നമ്പർ 24060652013701282514/ 5.02.25 – 30,000 /-<br>ബി.ആർ.എൻ.നമ്പർ 24060652013701668593/ 24.03.25 – 60,000 /- |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |

മേൽ പദ്ധതി പ്രകാരം ശിവദാസൻ ഇടത്തേടത്ത് വളമംഗലം എന്ന വ്യക്തിയുടെ മകനായ അർജ്ജുൻ ഇ.എസിന് 90,000 രൂപ പഠനമുറി നിർമ്മാണത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം. 738 /2023 എൽഎസ്ജിഡി തിയതി 28.03.23 പ്രകാരം സർക്കാർ / എയ്ഡഡ്/ സ്പെഷ്യൽ / ടെക്നിക്കൽ സ്ക്കൂളുകളിലും കേന്ദ്രീയ വിദ്യാലയങ്ങളിലും 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകാവുന്നത്. ശ്രീനാരായണ കോളേജ് പ്രിൻസിപ്പലിന്റെ GS / 2347 / 24.01.25 ലെ സാക്ഷ്യപത്രം പ്രകാരം ടി വിദ്യാർത്ഥി ഡിഗ്രി കോഴ്സിനാണ് 24-25 വർഷം പഠിക്കുന്നത്. മാർഗ്ഗരേഖയിൽ നിന്നും വ്യത്യസ്തമായി അർഹതയില്ലാത്ത വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1/9.10.25) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രതിപാദിച്ച സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ലെന്നാണ് മറുപടിയിൽ അറിയിച്ചത്. അനർഹമായി നൽകിയ 90,000 /- രൂപ തിരികെ ഈടാക്കി ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 3-2 തെരുവ് വിളക്ക് പരിപാലനം -കരാറുകാരന് അധികം തുക നൽകി

| | |
|---|---|
| പ്രോജക്ട് നം./പേര് | S0024/25, തെരുവ് വിളക്ക് പരിപാലനം |
| അടങ്കൽ | 2,50,000-(തനത് ഫണ്ട് ) |
| ആകെ ചെലവ് | 2,33,600 /- |
| ചെലവ് വിവരം | 1,83,000 /- (ചെക്ക് നം .6478675 /10.02.25)<br>50,600 /- (ചെക്ക് നം .363747 /29.03.25) |

ഗ്രാമപഞ്ചായത്തിലെ പതിനെട്ട് വാർഡുകളിലെ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് പോസ്റ്റ് ഒന്നിന് 200 രൂപ

നിരക്കിൽ കരാറുകാരനായ ശ്രീ.അഖിൽ വിഷ്ണു പി.എസ്.ന്റെ കരാർ പഞ്ചായത്തിൽ നിന്നും അംഗീകരിച്ചിട്ടുള്ളതാണ്. കരാറുകാരനായ ശ്രീ.അഖിൽ വിഷ്ണുവിന്റെ അപേക്ഷ പ്രകാരം പഴയ 985 ലൈറ്റുകൾ മാറ്റി സ്ഥാപിയ്ക്കുകയും 183 എണ്ണം റിപ്പയർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ 1168 ബൾബിന് 200/- രൂപ നിരക്കിൽ 2,33,600/- രൂപ മെയിന്റനൻസിന് നൽകാൻ ആവശ്യപ്പെടുകയും ഇതിൽ ആദായനികുതി 4,336 /- രൂപ ഒഴികെ 2,29,264/- രൂപ കരാറുകാരന് നൽകിയിട്ടുമുണ്ട്.

തെരുവ് വിളക്ക് വാങ്ങൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും 787 എൽഇഡി ബൾബുകൾ 24-25 വർഷം വാങ്ങിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | എണ്ണം |
|---|---|
| S0265/25 | 300 |
| S0026/25 | 487 |
| ആകെ | 787 |

തെരുവ് വിളക്ക് ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിലും മുൻബാക്കി ഉൾപ്പെടെ 14 /15 W ന്റെ ആകെ 804 ബൾബുകൾ ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ 568 ബൾബുകളാണ് കരാറുകാരന് നൽകിയിട്ടുള്ളത്. 568 ബൾബുകൾ മാത്രമാണ് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കരാറുകാരൻ കൈപ്പറ്റിയതെങ്കിൽ അധികം എണ്ണം മാറ്റി സ്ഥാപിച്ചത് എപ്രകാരമെന്ന് വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.23/16.10.25) മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററിലെ കണക്ക് തെറ്റാണെങ്കിലും മുൻബാക്കി ഉൾപ്പെടെ 24-25 വർഷം വാങ്ങിയ 787 ലൈറ്റുകൾ മാറ്റിസ്ഥാപിച്ചതിന്റെ തുകയ്ക്ക് മാത്രമേ കരാറുകാരന് അർഹതയുള്ളു. ആയിരിക്കെ കരാറുകാരൻ 985 എണ്ണം ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്ന് അവകാശപ്പെടുന്നത് അംഗീകരിക്കാനാവില്ല. ആകയാൽ സ്റ്റോക്കിൽ ഇല്ലാത്ത 198 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചു എന്ന കരാറുകാരന്റെ കണക്ക് തെറ്റാണ്. ആകയാൽ കണക്കിൽപ്പെടാത്ത 198 ലൈറ്റുകൾ മാറ്റി സ്ഥാപിച്ചതിന് ചെലവഴിച്ച 39,600 രൂപ(198 X 200) കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ടാർ ബാരൽവിലയും ജി.എസ്.ടി യും ബില്ലിൽ നിന്നും കുറവു ചെയ്തില്ല

ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ റോഡ് ടാറിംഗ് പ്രവർത്തികളിൽ പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. ആയതിനാൽ ഫൈനൽ ബിൽ നൽകുമ്പോൾ കാലിവീപ്പയുടെ വിലയും 18% ജി.എസ്.ടി.യുമുൾപ്പെടെ 281/-രൂപ നിരക്കിൽ തിരികെ ഈടാക്കേണ്ടതും ജി.എസ്.ടി പ്രത്യേകം കണക്കാക്കി ജി.എസ്.ടി വകുപ്പിലേക്കും ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്നും കാലിവീപ്പയുടെ വിലയും ജി.എസ്.ടി.യും 281/-രൂപ നിരക്കിൽ കുറവ് ചെയ്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് | ഫണ്ടിനം/ കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 281/- രൂപ നിരക്കിൽ ഈടാക്കേണ്ട തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | വാലയിൽ റോഡ് അറ്റകുറ്റപ്പണി (ടാറിംഗ്) | മെയിന്റനൻസ് ഗ്രാന്റ് റോഡ് അനിൽകുമാർ പി.ജി. | 13 ബാരൽ | 3,653 | 552-28.2.25 370387/- |
| 2 | ഇല്ലിക്കൽ തയ്യിൽ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | വികസന ഫണ്ട് (ജനറൽ) അനിൽകുമാർ പി.ജി. | 7 ബാരൽ | 1,967 | 653-12.3.25 391320/- |
| 3 | പാറപ്പുഴ റോഡ് മെറ്റലിംഗ് ആന്റ് ടാറിംഗ് | വികസന ഫണ്ട് (ജനറൽ) ജോബ് ടി.ജെ. | 6 ബാരൽ | 1,686 | 701-20.3.25 47800/- |
| 4 | കോന്നിശ്ശേരി തേവലപ്പൊഴി റോഡ് | വികസന ഫണ്ട് (ജനറൽ) ജോബ്.ടി.ജെ | 10 ബാരൽ | 2,810 | 699-19.3.25 327964/- |
| 5 | മുണ്ടുകണ്ടം ആലുങ്കൽറോഡ് | വികസന ഫണ്ട് (ജനറൽ) ജോബ് ടി.ജെ. | 8 ബാരൽ | 2,248 | 645-11.3.25 33498/- |
| 6 | മാധവം എസ്.എൻ.ജി.എം. റോഡ് | ജോബ് ടി.ജെ. മെയിന്റനൻസ് ഗ്രാന്റ് റോഡ് | 9 ബാരൽ | 2,529 | 696-19.3.25 432820/- |
| | | | | 14,893 | |

മേൽ സൂചിപ്പിച്ചവിധം കാലിവീപ്പയുടെ വിലയും ജി.എസ്.ടിയും കുറവ് ചെയ്യാതെ ഫൈനൽ ബിൽ നൽകിയതിനാൽ 14,893/- രൂപ കരാറുകാർക്ക് അധികം നൽകുവാനിടയായി. പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനായി നല്കിയ ഓഡിറ്റ് എൻക്വയറി (നം.33/17.10.25)യ്ക്ക് മറുപടിയായി തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.അല്ലാത്തപക്ഷം നിർവ്വഹണോദ്യാഗസ്ഥയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

**3-4 വായനശാലകൾക്ക് പത്രവരിസംഖ്യ നൽകിയത് ഗ്രേഡ് നിർദ്ദേശങ്ങൾ പാലിക്കാതെ**

2024-25 വർഷം വായനശാലകൾക്ക് പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്ന പേരിൽ ഹെഡ്മിസ്ട്രസ്, ജി.യു.എൽ.പി.എസ്. നിർവ്വഹണം നടത്തിയ പ്രോജക്ടിന്റെ വിശദാംശങ്ങളും, നടത്തിപ്പിലെ അപാകതകളും ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം. | S0140/25 |
| പ്രോജക്ടിന്റെ പേര് | വായനശാലകൾക്ക് പത്രം, ആനുകാലിക പ്രസിദ്ധീകരണങ്ങൾ |
| അടങ്കൽ | 1,00,000/- (വികസന ഫണ്ട് |
| ചെലവ് | 75,000/- |
| നിർവ്വഹണം. | ഹെഡ്മിസ്ട്രസ്, ജി.യു.എൽ.പി.എസ്. |
| ബിആർഎൻ നം. | 24060652015301456455/തീയതി 07.03.2025 |

സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരമുള്ള വായനശാലകൾക്കും, ഗ്രന്ഥശാലകൾക്കും സ.ഉ.(സാധാ)നം.1040/2023/LSGD തീയതി 15.05.2023 സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. സി ഗ്രേഡും, അതിനു മുകളിലുമുള്ള ലൈബ്രറികൾക്ക് പ്രതിമാസം 3 ദിനപത്രം വീതവും, സി ഗ്രേഡിന് താഴെയുള്ള ലൈബ്രറികൾക്ക് പ്രതിമാസം 2 ദിനപത്രം വീതവും തനത് ഫണ്ട് ഉപയോഗിച്ച് വാർഷിക ബജറ്റിൽ ഉൾപ്പെടുത്തി ലൈബ്രറികളുടെ അപേക്ഷ പ്രകാരം വാങ്ങി നൽകാൻ അനുമതിയുണ്ട്. ആനുകാലികങ്ങളുടെ വരിസംഖ്യ നൽകുവാൻ പാടുള്ളതല്ല. എന്നാൽ പഞ്ചായത്തിൽ ടി പ്രോജക്ട് പ്രകാരം 5 വായനശാലകൾക്കാണ് തൻവർഷം 15,000/- രൂപ വീതം പത്രവരിസംഖ്യ നൽകിയിട്ടുള്ളത്. അതിൽ 4 വായനശാലകൾക്ക് സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ട്. എന്നാൽ ഇവയെല്ലാം തന്നെ ഡി, ഇ ഗ്രേഡുകളിൽപ്പെടുന്നവയാണ്. പ്രസ്തുത ഗ്രേഡുകളിൽപ്പെടുന്ന വായനശാലകൾക്ക് 2 ദിനപ്പത്രത്തിന് വരിസംഖ്യ നൽകുന്നതിനാണ് സർക്കാർ അനുമതിയുള്ളത്. അതുപോലെ ഒരു വായനശാലയ്ക്ക് സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

അധികം നൽകിയ തുക 50,700/- രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ആനുകൂല്യം ലഭ്യമായ വായനശാലകൾ | സ്റ്റേറ്റ് ലൈബ്രറി കൌൺസിലിന്റെ അംഗീകാരം ഉണ്ട്/ഇല്ല | ഗ്രേഡ് | അനുവദിക്കാവുന്ന പത്രത്തിന്റെ എണ്ണം | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|---|
| 1. | യുവജന സമാജം വായനശാല, പടി. മനക്കോടം | ഉണ്ട് | ഡി | 2 | 15,000/- | 4,860/- | 10,140/- |
| 2. | ടാഗോർ വായനശാല& ഗ്രന്ഥശാല, തുറവൂർ | ഉണ്ട് | ഡി | 2 | 15,000/- | 4,860/- | 10,140/- |
| 3. | പഞ്ചായത്ത് ലൈബ്രറി, തുറവൂർ | ഉണ്ട് | ഡി | 2 | 15,000/- | 4,860/- | 10,140/- |
| 4. | ദേശസേവിനി വായനശാല, കളരിക്കൽ, തിരുമലഭാഗം | ഉണ്ട് | ഇ | 2 | 15,000/- | 4,860/- | 10,140/- |
| 5. | മാനവസഹായ സമിതി വായനശാല & ഗ്രന്ഥശാല, തുറവൂർ പി.ഒ. | ഉണ്ട് | ഡി | 2 | 15,000/- | 4,860 | 10,140/- |
| | | | | ആകെ | 75,000/- | 24,300/- | 50,700/- |

അപാകതകൾ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.9/14.10.2025) അറിവില്ലായ്മ മൂലമാണ് ഇത്തരത്തിൽ പിശക് സംഭവിച്ചതെന്നും, മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുന്നതാണെന്നും ഹെഡ്മിസ്ട്രസ് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ലംഘിച്ച് നൽകിയ 50,700/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

**3-5 അങ്കണവാടി പോഷകാഹാര വിതരണം - കടത്തുകൂലി അധികം നൽകി**

| | |
|---|---|
| പ്രോജക്ട് നം. | S0107/25 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടികൾക്ക് പോഷകാഹാര വിതരണം |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐസിഡിഎസ് സൂപ്പർവൈസർ |
| അടങ്കൽ | 41,83,000/- |
| ചെലവ് | 36,51,201/- |
| ചെക്ക് നം. | 1)എസ്സ് ബി6478675/10.02.2025<br>2)363746/29.03.2025 |

ഐസിഡിഎസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടികൾക്ക് പോഷകാഹാര വിതരണം എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 2024-25 വർഷം കടത്തുകൂലിയ്ക്കായി 1,51,945/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ അമൃതം പൊടിയ്ക്കുള്ള കടത്തുകൂലി 2024 നവംബർ മാസം വരെ കിലോഗ്രാമിന് 3.00 രൂപയും, പിന്നീടുള്ള മാസങ്ങളിൽ 3.50 രൂപയും നൽകിയിരിക്കുന്നു. ഈയിനത്തിൽ 2,938.00 രൂപ അധികം നൽകിയിട്ടുണ്ട്. (ഡിസംബർ 739 രൂ., ജനുവരി 753, രൂ. ഫെബ്രുവരി 735 രൂ., മാർച്ച് 710.50 രൂ. )ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.27/17.10.2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ 2,938.00 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് - വിവരശേഖരണം

| മെഡിസെപ്പ് പ്രീമിയം ഒടുക്ക്- റഗുലർ ജീവനക്കാരുടെ വിവരം | | | | |
|---|---|---|---|---|
| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (2024-25) | മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കുവാൻ ബാക്കി നില്ക്കുന്ന തുക | റിമാർക്ക്സ് |
| 16 | 85,000 | 78,000 | 7,000 | മാർച്ചിലെ ശമ്പളത്തിൽ നിന്നും ഈടാക്കിയ 7,000 രൂപ 2025 ഏപ്രിൽ മാസമാണ് ഒടുക്കിയിട്ടുള്ളത്. |

**01.04.2024-** മുതൽ **30.06.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല
**01.07.2024-** മുതൽ **31.07.2024** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല
**01.08.2024-** മുതൽ **31.03.2025** വരെ സർവീസിൽ പ്രവേശിച്ച റഗുലർ ജീവനക്കാരുടെ വിവരം
ഇല്ല

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 4,40,900 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 4,40,900 | 0 |
| | | 6,25,000 | ലൈഫ് 2020 ജനറൽ ഭവന നിർമ്മാണം | 6,25,000 | 0 |
| | | 2,00,000 | ലൈഫ് (S.c) ഭവനനിർമ്മാണം | 2,00,000 | 0 |
| | | 15,00,000 | ലൈഫ് 2020 എസ് സി ഭവന നിർമ്മാണം | 15,00,000 | 0 |
| | | 1,00,000 | അങ്കണവാടി പൂരക പോഷകാഹാരം | 1,00,000 | 0 |
| | | 2,47,781 | പാലിയേറ്റീവ് | 2,47,781 | 0 |

| | | | | | |
|---|---|---|---|---|---|
| | | | കെയർ | | |
| | | 50,000 | വേമ്പനാട്ടു കായൽ പുനരുജ്ജിവനം | 50,000 | 0 |
| | | 2,79,124 | പാലിനു സബ്സിഡി | 2,79,124 | 0 |
| | | 1,00,000 | അഗതി ആശ്രയ ഭക്ഷ്യ ധാന്യ വിതരണം | 1,00,000 | 0 |
| **ആകെ** | | 35,42,805 | | 35,42,805 | 0 |
| ജില്ലാ പഞ്ചായത്ത് | 2024-25 | 1,87,500 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,87,500 | 0 |
| | | 5,00,000 | അങ്കണവാടി പൂരക പോഷകാഹാരം | 5,00,000 | 0 |
| | | 14,40,000 | ലൈഫ് 2020 എസ് സി ഭവനനിർമ്മാണം | 14,40,000 | 0 |
| | | 11,00,000 | ലൈഫ് 2020 ജനറൽ ഭവനനിർമ്മാണം | 11,00,000 | 0 |
| **ആകെ** | | 32,27,500 | | 32,27,500 | 0 |

**4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ-വാർഡ് 7 (S0052/25) | 1,95,515 | 0 | 1,95,515 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-5 വായ്പ/വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തന്വർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 0 | 3,48,33,842 | 36,03,450 | 35,47,792 | 0 | 3,48,89,500 |

**4-6 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6,61,373 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 35,215 |
| ആകെ | 6,96,588 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 6,96,588 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|
| കാനറ ബാങ്ക് തുറവൂർ(A/c No. 3011401000788) | 6.01.2025 | 12 മാസം | 6,96,588 | |

**4-7 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 17,680 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീതു നം./തീയതി |
|---|---|---|---|---|
| 2023-24 | 1-17(3-1) | 17,680 | ഡോ.രഞ്ജിത് മോനായ് സി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 1240103667/26.3.25 |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-10 ഓഡിറ്റ് പ്രത്യവലോകനം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,42,30,719 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,43,34,550 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,98,131 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,54,215 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1/1-15(എ) | | 90,000 | ശ്രീമതി സുജയ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 3-2/1-16 | | 39,600 | ശ്രീ.സുനിൽ ആർ., സെക്രട്ടറി |
| 3-3/1-22 | | 14,893 | ശ്രീമതി പാർവ്വതി എസ്. കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4/1-18 | | 50,700 | ശ്രീമതി ശ്രീജ എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. |
| 3-5/1-23 | | 2,938 | ശ്രീമതി സാലിമോൾ എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | | 1,98,131 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15(ബി) | 9,00,000 | ശ്രീമതി സുജയ എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 | 1,95,515 | ശ്രീ.സുനിൽ ആർ., സെക്രട്ടറി |
| 1-21 | 1,00,000 | ശ്രീമതി മേരിബെനീജ, വി.ഇ.ഒ., തുറവൂർ സർക്കിൾ |
| 1-24 | 46,200 | ശ്രീമതി സാലിമോൾ എം., ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-26 | 12,500 | ശ്രീ.ഹുബൈബ് ഹസ്സൻ സി.എ., കൃഷി ഓഫീസർ |
| ആകെ | 12,54,215 | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഇന വിവരം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-20 | 11,152 | ജി.എസ്.റ്റി | ശ്രീ.ഹുബൈബ് ഹസ്സൻ സി.എ., കൃഷി ഓഫീസർ |
| 1-23 | 1,519 | ആദായനികുതി | ശ്രീമതി സാലിമോൾ എം., ഐസിഡിഎസ് സൂപ്പർവൈസർ |

| | | | |
|---|---|---|---|
| ആകെ | 12,671 | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും, ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സുജയ എസ്., അസിസ്റ്റന്റ് സെക്രട്ടറി | റിട്ടയേർഡ് | ചെല്ലാട്ട് വാരണം പി.ഒ., മുഹമ്മ |
| ശ്രീ.സുനിൽ ആർ., സെക്രട്ടറി | സെക്രട്ടറി, പാലക്കുഴ ഗ്രാമ പഞ്ചായത്ത് | ഗ്രീഷ്മം, നിയർ വൈ എം സി എ മാർത്തോമാ ചർച്ച്, ആലപ്പുഴ-688001 |
| ശ്രീ.ഹുബൈബ് ഹസ്സൻ സി.എ., കൃഷി ഓഫീസർ | കൃഷി ഓഫീസർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | ചേന്നാട്ട് ഹൌസ്,വെസ്റ്റ് മനക്കോടം, പള്ളിത്തോട് പി.ഒ., ചേർത്തല, ആലപ്പുഴ |
| ശ്രീമതി പാർവ്വതി എസ്. കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | പാർവ്വതി കോട്ടേജ്, പാതിരപ്പള്ളി, ആലപ്പുഴ |
| ശ്രീമതി സാലിമോൾ എം., ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, തുറവൂർ ഗ്രാമ പഞ്ചായത്ത് | ശാലീനം, പൊള്ളേത്തൈ പി.ഒ., ആലപ്പുഴ |
| ശ്രീമതി മേരിബെനീജ, വി.ഇ.ഒ., തുറവൂർ സർക്കിൾ | വി.ഇ.ഒ., തുറവൂർ സർക്കിൾ, തുറവൂർ ഗ്രാമ പഞ്ചായത്ത് | കോട്ടപ്പള്ളി ഹൌസ്, അർത്തുങ്കൽ പി.ഒ., ചേർത്തല |
| ശ്രീമതി ശ്രീജ എസ്., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്. വളമംഗലം നോർത്ത് | ലക്ഷ്മി നിവാസ്, അംബേദ്കർ റോഡ്, കൊച്ചി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2004-05 വരെ | എൽ.എഫ്.ജി.എ 5-1832/11 തീയതി 17.01.12 |
| 2005-06 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-1577/13 തീയതി 05.05.14 |
| 2010-11 & 2011-12 | എൽ.എഫ്.എ.പി2-123/121 തീയതി 30.04.13 |
| 2012-13 | എൽ.എഫ്. എ പി 2-1038/14 തീയതി 03.08.14/29.11.14 |
| 2013-14 & 2014-15 | കെ.എസ്.എ-എൽ.പി.പി 2-88/2016 തീയതി 17.02.16 |
| 2015-16 | കെ.എസ്.എ-എൽ.പി.പി 2-1229/2022 തീയതി 30.11.2022 |
| 2016-17 | കെ.എസ്.എ-എൽ.പി.പി 2-1229/2022 തീയതി 30.11.2022 |
| 2017-18 | കെ.എസ്.എ-എൽ.പി.പി 2-1229/2022 തീയതി |

| | |
|---|---|
| | 30.11.2022 |
| 2018-19 | കെ.എസ്.എ-എൽ.പി.പി 2-1229/2022 തീയതി 30.11.2022 |
| 2019-20 | നം.കെ.എസ്.എ-എ.എൽ.പി/പി2-738/2020 തീയതി 24.09.2021 |
| 2020-21 | നം.കെ.എസ്.എ-എ.എൽ.പി/പി2-732/2021 തീയതി 24.09.2021 |
| 2021-22 | നം.കെ.എസ്.എ-എ.എൽ.പി/പി2-1067/2022 തീയതി 30.09.2022 |
| 2022-23 | നം.കെ.എസ്.എ-എ.എൽ.പി/പി2-1340/2023 തീയതി 20.12.2023 |
| 2023-24 | നം.കെ.എസ്.എ-എ.എൽ.പി/പി2-1024/2024 തീയതി 30.12.2024 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 10-06-2025 and submitted on 25-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Thuravoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Thuravoor Grama Panchayat as on 31-03-2025

**Date: 15/12/2025** **Deputy Director**

**Kerala State Audit Department**

### Audit Report appended to the Audit Certificate of Thuravoor Grama Panchayat for the Year 2024-2025.

**1.Major Observations**

Liability inrespect of water charge does not appear in the balance sheet.

**2.Other Observations**

1) The mandatory financial statement such as ratios, notes on accounts are not submitted with AFS.
2) The Demand, Collection and Balance of Property Tax as per Annual Accounts does not match with the entries in D.C.B Statement from Sanjaya Software.
3) The demand entries of property tax, professional tax etc are not recorded in the ledger at the beginning of the year and every month thereafter.

. 4) The expenditure of Development fund S.C.P and maintenanance grant (Road) as per A.F.S mismatches with Sulekha expenditure statement.
5) The closing balance of deposit register mismatches with A.F.S.

Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തുറവൂർ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്